കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# സാമാന്യ ഖണ്ഡ ആക്റ്റ്, 1897

## (1897-ലെ 10-ാം ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി
കേരളാ ഗവൺമെന്റ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം.
ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

0-80

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# സാമാന്യ ഖണ്ഡ ആക്റ്റ്, 1897

## വകുപ്പുകളുടെ വിന്യാസം

### പ്രാരംഭികം

വകുപ്പുകൾ


1. ചുരുക്കപ്പേര്.
2. (റദ്ദാക്കപ്പെട്ടു.)


### സാമാന്യ നിർവ്വചനങ്ങൾ


3. നിർവ്വചനങ്ങൾ.
4. മുൻപറഞ്ഞ നിർവ്വചനങ്ങൾ മുൻ അധിനിയമങ്ങൾക്കുബാധകമാക്കൽ.

4ക. ചില നിർവ്വചനങ്ങൾ ഇൻഡ്യൻ നിയമങ്ങൾക്കു ബാധകമാക്കൽ.


### അർത്ഥകല്പനം സംബന്ധിച്ച സാമാന്യ ചട്ടങ്ങൾ


5. അധിനിയമങ്ങൾ പ്രവർത്തനത്തിൽ വരുന്നത്.

5ക. (റദ്ദാക്കപ്പെട്ടു.)

6. റദ്ദാക്കലിന്റെ പ്രഭാവം.

6ക. ആക്റ്റിലോ റഗുലേഷനിലോ പാഠപരമായ ഭേദഗതിവരുത്തുന്ന ആക്റ്റ് റദ്ദാക്കൽ.

7. റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ പുനർജ്ജീവിപ്പിക്കൽ.
8. റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ സംബന്ധിച്ച പരാമർശങ്ങൾക്കുള്ള അർത്ഥകല്പന.
9. സമയം ആരംഭിക്കുന്നതും അവസാനിക്കുന്നതും.
10. സമയം കണക്കാക്കൽ.
11. ദൂരങ്ങൾ അളക്കൽ.
12. അധിനിയമങ്ങളിലെ ഡ്യൂട്ടി ആനുപാതികമാണെന്ന് ധരിക്കണം.
13. ലിംഗവും വചനവും.

13ക. (റദ്ദാക്കപ്പെട്ടു).


### അധികാരങ്ങളും ചുമതല നിർവ്വഹിക്കുന്നവരും


14. നല്കപ്പെട്ട അധികാരങ്ങൾ അപ്പോഴപ്പോൾ പ്രയോഗക്ഷമമാവുന്നതാണെന്ന്.
15. നിയമിക്കാനുള്ള അധികാരത്തിൽ എക്സ് അഫിഷ്യോ ആയി നിയമിക്കാനുള്ള അധികാരംകൂടി ഉൾപ്പെടുന്നതാണെന്ന്.

16. നിയമിക്കുവാനുള്ള അധികാരത്തിൽ സസ്പെൻഡ് ചെയ്യുവാനോ ഡിസ്മിസ്സ് ചെയ്യുവാനോ ഉള്ള അധികാരം ഉൾപ്പെടുന്നതാണെന്ന്

17. ചുമതല നിർവഹിക്കുന്നവരെ പകരം നിയമിക്കൽ

18. പിൻഗാമികൾ.

19. ആഫീസിലെ മുഖ്യൻമാരും കീഴ്ജീവനക്കാരും.

## അധിനിയമങ്ങൾക്കുകീഴിൽ നിർമ്മിച്ചിട്ടുള്ള ഉത്തരവുകൾ, ചട്ടങ്ങൾ മുതലായവ സംബന്ധിച്ച വ്യവസ്ഥകൾ

20. അധിനിയമങ്ങൾക്കുകീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുതലായവയുടെ അർത്ഥകല്പനം.

21. വിജ്ഞാപനങ്ങളോ, ഉത്തരവുകളോ, ചട്ടങ്ങളോ, ബൈലാകളോ പുറപ്പെടുവിക്കുവാനുള്ള അധികാരത്തിൽ കൂട്ടിച്ചേർക്കുവാനോ, ഭേദഗതിചെയ്യുവാനോ വ്യത്യാസപ്പെടുത്തുവാനോ റദ്ദാക്കുവാനോ ഉള്ള അധികാരം ഉൾപ്പെടുന്നുവെന്ന്.

22. അധിനിയമത്തിന്റെ പാസ്സാക്കലിനും പ്രാരംഭത്തിനും ഇടയിൽ ചട്ടങ്ങളോ ബൈലാകളോ നിർമ്മിക്കുന്നതും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതും.

23. ചട്ടങ്ങളോ ബൈലാകളോ മുൻ പ്രസിദ്ധീകരണത്തിനു ശേഷം നിർമ്മിക്കുന്നതിനു ബാധകമായ വ്യവസ്ഥകൾ.

24. റദ്ദാക്കി പുനരധിനിയമം ചെയ്ത അധിനിയമങ്ങളിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും മററുംതുടരുന്നത്.

## പലവക

25. പിഴകൾ വസൂലാക്കുന്നത്.

26. രണ്ടോ അതിലധികമോ അധിനിയമങ്ങൾക്കു കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററങ്ങൾ സംബന്ധിച്ച വ്യവസ്ഥ.

27. പോസ്ററ്വഴി നടത്തുക എന്നതിന്റെ അർത്ഥം.

28. അധിനിയമങ്ങളെ ഉദ്ധരിക്കൽ.

29. മുൻ അധിനിയമങ്ങൾക്കും, ചട്ടങ്ങൾക്കും, ബൈലാകൾക്കും വേണ്ടിയുള്ള ഒഴിവാക്കൽ.

30. ആക്ററ്, ആർഡിനൻസുകൾക്ക് ബാധകമാകുന്നത്.

30ക. (റദ്ദാക്കപ്പെട്ടു.)

31. (റദ്ദാക്കപ്പെട്ടു.)

പട്ടിക.—(റദ്ദാക്കപ്പെട്ടു.)

# സാമാന്യ ഖണ്ഡ ആക്ററ്, 1897
## (1897-ലെ 10)

സാമാന്യ ഖണ്ഡ ആക്ററുകൾ, 1868-ം 1887-ം സഞ്ചയിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതിനുള്ള ആക്ററ്.

[1897 മാർച്ച്, 11.]

സാമാന്യ ഖണ്ഡ ആക്ററുകൾ 1868-ം (1868-ലെ 1) 1887-ം (1887-ലെ 1) സഞ്ചയിക്കുകയും വ്യാപിപ്പിക്കുകയുംചെയ്യുന്നത് സമീചീനമായിരിക്കുകയാൽ; ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

### പ്രാരംഭികം

1. ചുരുക്കപ്പേര്.—(1) ഈ ആക്ററിന് സാമാന്യ ഖണ്ഡ ആക്ററ്, 1897 എന്ന് പേർ പറയാവുന്നതാണ്.

(2) ...... ...... ...... ......

2. (റദ്ദാക്കൽ) റദ്ദാക്കലും ഭേദഗതിചെയ്യലും ആക്ററ്, 1903 (1903-ലെ 31) 4-ാം വകുപ്പിനാലും III-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

### സാമാന്യനിർവചനങ്ങൾ

3. നിർവ്വചനങ്ങൾ.—ഈ ആക്ററിലും, ഈ ആക്ററിന്റെ പ്രാരംഭത്തിനു ശേഷം നിർമ്മിച്ചിട്ടുള്ള എല്ലാ കേന്ദ്ര ആക്ററുകളിലും റഗുലേഷനുകളിലും, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്ത പക്ഷം,—

(1) "പ്രേരണ നല്കുക" എന്നതിനും അതിന്റെ വ്യാകരണ സംബന്ധമായ രൂപഭേദങ്ങൾക്കും സജാതീയ പദങ്ങൾക്കും ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45)-യിൽ ഉള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്:

(2) "കൃത്യ"ത്തിൽ, അത് ഒരു കുററത്തേയോ, സിവിൽ അപകൃത്യത്തേയോ പരാമർശിച്ച് ഉപയോഗിക്കുമ്പോൾ, കൃത്യങ്ങളുടെ ഒരു പരമ്പര ഉൾപ്പെടുന്നതും, ചെയ്യപ്പെട്ട കൃത്യങ്ങളെ പരാമർശിക്കുന്ന വാക്കുകൾ നിയമവിരുദ്ധമായ കൃത്യവിലോപങ്ങൾക്കുകൂടി ബാധിക്കുന്നതുമാകുന്നു:

(3) "സത്യവാങ്മൂല"ത്തിൽ, സത്യംചെയ്യുന്നതിനുപകരം പ്രതിജ്ഞ ചെയ്യുവാനോ, പ്രഖ്യാപനം ചെയ്യുവാനോ നിയമം അനുവദിച്ചിട്ടുള്ള ആളുകളുടെ സംഗതിയിൽ, പ്രതിജ്ഞയും പ്രഖ്യാപനവും ഉൾപ്പെടുന്നതാകുന്നു:

(4) "ബാരിസ്ററർ"ക്ക് ഇംഗ്ലണ്ടിലേയോ ഐർലൻഡിലേയോ ബാരിസ്ററർ എന്നോ, സ്കാട്ലൻഡിലെ ഫാക്കൽററി അഫ് അഡ്വക്കേററ്സിലെ അംഗമെന്നോ അർത്ഥമുണ്ടായിരിക്കുന്നതാണ്.

(5) "ബ്രിട്ടീഷ്ഇൻഡ്യ"ക്ക്, ഗവൺമെൻറ് അഫ് ഇൻഡ്യ ആക്ററ് 1935, III-ാംഭാഗത്തിന്റെ പ്രാരംഭത്തിനുമുമ്പുള്ള കാലഘട്ടംത്ത സംബന്ധിച്ച്, ചക്രവർത്തി, ഇൻഡ്യാ ഗവർണ്ണർ ജനറൽ മുഖേനയോ, ഇൻഡ്യാ ഗവർണ്ണർ ജനറലിന്റെ കീഴിലുള്ള ഏതെങ്കിലും ഗവർണ്ണറോ ഉദ്യോഗസ്ഥനോ മുഖേനയോ, തൽസമയം ഭരിച്ചുകൊണ്ടിരുന്നതും ചക്രവർത്തിയുടെ ഡൊമിനിയനുകൾക്കുള്ളിൽ ഉള്ളതുമായ എല്ലാരാജ്യക്ഷേത്രങ്ങളും സ്ഥലങ്ങളും എന്നർത്ഥമുണ്ടായിരിക്കുന്നതും, ആ തീയതിക്കുശേഷവും ഇൻഡ്യാ ഡൊമിനിയൻ സ്ഥാപിച്ച തീയതിക്കുമുമ്പും ഉള്ള ഏതെങ്കിലും കാലഘട്ടത്തെ സംബന്ധിച്ച്, ഗവർണ്ണർ

മാരുടെ പ്രവിശ്യകളിലും ചീഫ് കമ്മീഷണർമാരുടെ പ്രവിശ്യകളിലും തൽസ
മയം അടങ്ങിയ എല്ലാരാജ്യക്ഷേത്രങ്ങളും എന്നർത്ഥമുള്ളതുമാകുന്നു; എന്നാൽ
ഗവൺമെൻറ് അഫ് ഇൻഡ്യാ ആക്റ്റ്, 1935, III-ാംഭാഗത്തിൻെറ പ്രാരംഭത്തിനു
മുമ്പായി പാസ്സാക്കിയിട്ടുള്ളതോ ഉണ്ടാക്കിയിട്ടുള്ളതോ ആയ ഒരു ഇൻഡ്യൻ
നിയമത്തിൽ ബ്രിട്ടീഷ് ഇൻഡ്യയെപ്പററിയുള്ള ഒരു പരാമർശത്തിൽ ബീഹാറിനെ
പ്പററിയുള്ള പരാമർശം ഉൾപ്പെടുകയില്ല:

(6) "ബ്രിട്ടീഷ് അധീനപ്രദേശ"ത്തിന്, യുണൈററഡ് കിങ്ഡം
ഒഴികെയുള്ള ചക്രവർത്തിനിയുടെ ഡൊമിനിയനുകളുടെ ഏതെങ്കിലും ഭാഗം
എന്നർത്ഥമുണ്ടായിരിക്കുന്നതും, ആ ഡൊമിനിയനുകളുടെ ഭാഗങ്ങൾ ഒരു
കേന്ദ്രനിയമനിർമ്മാണ മണ്ഡലത്തിൻേറയും ഒരു തദ്ദേശ നിയമനിർമ്മാണ
മണ്ഡലത്തിൻേറയുംകൂടി കീഴിൽ ആയിരിക്കുന്നിടത്ത്, കേന്ദ്ര നിയമ
നിർമ്മാണ മണ്ഡലത്തിൻെറ കീഴിലുള്ള എല്ലാഭാഗങ്ങളും, ഈ നിർവ്വചന
ത്തിൻെറ ആവശ്യത്തിലേയ്ക്ക്, ഒരു ബ്രിട്ടീഷ് അധീനപ്രദേശമായി കരുത
പ്പെടുന്നതും ആകുന്നു;

(7) "കേന്ദ്രആക്റ്റി"ന് പാർലമെൻറിൻെറ ആക്റ്റ് എന്നർത്ഥമു
ണ്ടായിരിക്കുന്നതും, അതിൽ—

(ക) ഭരണഘടനയുടെ പ്രാരംഭത്തിനുമുമ്പ് പാസ്സാക്കിയിട്ടുള്ള
ഡൊമിനിയൻ നിയമനിർമ്മാണമണ്ഡലത്തിൻേറയോ, ഇൻഡ്യൻ നിയമനിർമ്മാ
ണമണ്ഡലത്തിൻേറയോ ഒരു ആക്റ്റും,

(ഖ) അങ്ങനെയുള്ള പ്രാരംഭത്തിനുമുമ്പ്, ഗവർണ്ണർ ജനറൽ-ഇൻ
കൗൺസിലോ, നിയമനിർമ്മാണം ചെയ്യുന്നനിലയിൽ പ്രവർത്തിക്കുന്ന ഗവർണ്ണർ
ജനറലോ, നിർമ്മിച്ചിട്ടുള്ള ഒരു ആക്റ്റും,
ഉൾപ്പെടുന്നതുമാകുന്നു:

(8) "കേന്ദ്രഗവൺമെൻറി"ന്

(ക) ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് ചെയ്തിട്ടുള്ള എന്തെ
ങ്കിലും സംബന്ധിച്ച്, അതതുസംഗതിപോലെ, ഗവർണ്ണർ ജനറൽ എന്നോ,
ഗവർണ്ണർ ജനറൽ ഇൻ കൗൺസിൽ എന്നോ അർത്ഥമുണ്ടായിരിക്കുന്നതും,
അതിൽ,

(i) ഇൻഡ്യാഗവൺമെൻറ് ആക്റ്റ്, 1935, 124-ാംവകുപ്പ്, (1)-ാം
ഉപവകുപ്പിൻകീഴിൽ ഒരു പ്രവിശ്യാ ഗവൺമെൻറിനെ ഭരമേ
ല്പിച്ചിട്ടുള്ള ചുമതലകൾ സംബന്ധിച്ച്, ആ ഉപവകുപ്പിൻ
കീഴിൽ നല്കപ്പെട്ടിട്ടുള്ള പ്രാധികാരത്തിൻെറ പരിധിക്കുള്ളിൽ
പ്രവർത്തിക്കുന്ന പ്രവിശ്യാ ഗവൺമെൻറും;

(ii) ഒരു ചീഫ് കമ്മീഷണറുടെ പ്രവിശ്യയുടെ ഭരണം സംബ
ന്ധിച്ച്, മേല്പറഞ്ഞ ആക്റ്റ് 94-ാം വകുപ്പ് (3)-ാംഉപ
വകുപ്പിൻ കീഴിൽ നല്കപ്പെട്ടിട്ടുള്ള പ്രാധികാരത്തിൻെറ പരി
ധിക്കുള്ളിൽ പ്രവർത്തിക്കുന്ന ചീഫ്കമ്മീഷണറും,

ഉൾപ്പെടുന്നതും,

(ഖ) ഭരണഘടനയുടെ പ്രാരംഭത്തിനുശേഷം ചെയ്തിട്ടുള്ളതോ,
ചെയ്യാനുള്ളതോ ആയ എന്തെങ്കിലും സംബന്ധിച്ച്, പ്രസിഡൻറ് എന്നർത്ഥ
മുണ്ടായിരിക്കുന്നതു, അതിൽ,

(i) ഭരണഘടനയുടെ 258-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൻ
കീഴിൽ ഒരു സ്റേററ്ഗവൺമെൻറിനെ ഭരമേല്പിച്ചിട്ടുള്ള
ചുമതലകൾ സംബന്ധിച്ച്, ആ ഖണ്ഡത്തിൻ കീഴിൽ നല്ക
പ്പെട്ടിട്ടുള്ള പ്രാധികാരത്തിൻെറ പരിധിക്കുള്ളിൽ പ്രവർത്തി
ക്കുന്ന സ്റേററ് ഗവൺമെൻറും;

(ii) ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 1956-ന്റെ പ്രാരംഭത്തിനു മുമ്പ് ഒരു ഗ ഭാഗം സ്റ്റേറ്റിന്റെ ഭരണം സംബന്ധിച്ച്, അതതുസംഗതിപോലെ, ഭരണഘടന 239-ാം അനുച്ഛേദത്തിനോ 243-ാം അനുച്ഛേദത്തിനോ കീഴിൽ നല്കപ്പെട്ടിട്ടുള്ള പ്രാധികാരത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ചീഫ്കമ്മീഷണറും അല്ലെങ്കിൽ ലഫ്റ്റനന്റ് ഗവർണ്ണറും അല്ലെങ്കിൽ അയൽ സ്റ്റേറ്റിലെ ഗവൺമെന്റും അല്ലെങ്കിൽ മറ്റ് അധികാരസ്ഥാനവും;

(iii) ഒരു യൂണിയൻ രാജ്യക്ഷേത്രത്തിന്റെ ഭരണം സംബന്ധിച്ച്, ഭരണഘടനയുടെ 239-ാം അനുച്ഛേദത്തിൻ കീഴിൽ നല്കപ്പെട്ടിട്ടുള്ള പ്രാധികാരത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന അവിടത്തെ ഭരണകർത്താവും,

ഉൾപ്പെടുന്നതും,

ആകുന്നു:

(9) "അദ്ധ്യായ"ത്തിന്, ആ വാക്ക് വരുന്ന, ആക്റ്റിലേയോ റെഗുലേഷനിലേയോ ഒരു അദ്ധ്യായം എന്നർത്ഥമുണ്ടായിരിക്കുന്നതാകുന്നു:

(10) "മുഖ്യ നിയന്ത്രക റവന്യൂ അധികാരസ്ഥാന"ത്തിനോ, അല്ലെങ്കിൽ "മുഖ്യ റവന്യൂഅധികാരസ്ഥാന"ത്തിനോ—

(ക) റവന്യൂബോർഡ് ഉള്ള സ്റ്റേറ്റിൽ, ആ ബോർഡ് എന്നും;

(ഖ) റവന്യൂ കമ്മീഷണർ ഉള്ള സ്റ്റേറ്റിൽ, ആ കമ്മീഷണർ എന്നും;

(ഗ) പഞ്ചാബിൽ, ധനകാര്യ കമ്മീഷണർ എന്നും;

(ഘ) മറ്റിടങ്ങളിൽ, ഭരണഘടനയുടെ ഏഴാം പട്ടികയിൽ I-ാം ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് കേന്ദ്രഗവൺമെന്റും, മറ്റു വിഷയങ്ങൾ സംബന്ധിച്ച് സ്റ്റേറ്റ് ഗവൺമെന്റും, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിയമിക്കുന്ന അധികാരസ്ഥാനം എന്നും അർത്ഥമുണ്ടായിരിക്കുന്നതാണ്.

(11) "കളക്റ്റർ" ക്ക് ഒരു പ്രസിഡൻസി ടൗണിൽ, അതതു സംഗതി പോലെ, കൽക്കട്ടയിലേയോ മദ്രാസിലേയോ ബാംബേയിലേയോ കളക്റ്റർ എന്നും, മററിടങ്ങളിൽ ഒരു ജില്ലയുടെ റവന്യൂഭരണത്തിന്റെ ചാർജ്ജുള്ള മുഖ്യ ഉദ്യോഗസ്ഥൻ എന്നും അർത്ഥമുണ്ടായിരിക്കുന്നതാണ്:

(12) "കാളനി"ക്ക്—

(ക) ഇൻഡ്യാ ഗവൺമെന്റ് ആക്റ്റ് 1935 III-ാം ഭാഗത്തിന്റെ പ്രാരംഭത്തിനുശേഷം പാസ്സാക്കിയിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്റ്റിൽ, ബ്രിട്ടീഷ് ഐലൻഡ്സും ഇൻഡ്യാ പാക്കിസ്ഥാൻ ഡൊമിനിയനുകളും (ആ ഡൊമിനിയനുകളുടെ സ്ഥാപനത്തിനു മുൻപ്, ബ്രിട്ടീഷ് ഇൻഡ്യയും) സ്റ്റാററ്യൂട്ട് അഫ് വെസ്റ്റ്മിൻസ്റ്റർ, 1931-ൽ നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും ഡൊമിനിയനും, മേല്പറഞ്ഞ ഡൊമിനിയനുകളിൽ ഏതിന്റേയെങ്കിലും ഭാഗമായ ഏതെങ്കിലും പ്രവിശ്യയും അല്ലെങ്കിൽ, സ്റ്റേററും ബ്രിട്ടീഷ് ബർമ്മയും ഒഴികെയുള്ള ചക്രവർത്തിയുടെ ഡൊമിനിയനുകളുടെ ഏതെങ്കിലും ഭാഗവും എന്നും:

(ഖ) മേല്പറഞ്ഞ ആക്റ്റ് III-ാം ഭാഗത്തിന്റെ പ്രാരംഭത്തിനു മുമ്പ് പാസ്സാക്കിയിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്റ്റിൽ, ബ്രിട്ടീഷ് ഐലൻഡും ബ്രിട്ടീഷ് ഇൻഡ്യയും ഒഴികെയുള്ള, ചക്രവർത്തിയുടെ ഡൊമിനിയനുകളുടെ ഏതെങ്കിലും ഭാഗമെന്നും:

അർത്ഥമുണ്ടായിരിക്കുന്നതും, ഈ രണ്ടു സംഗതികളിൽ ഏതിലും ഡൊമിനിയനുകളുടെ ഭാഗങ്ങൾ ഒരു കേന്ദ്ര നിയമനിർമ്മാണമണ്ഡലത്തിന്റേയും തദ്ദേശ നിയമനിർമ്മാണ മണ്ഡലത്തിന്റേയും കൂടി കീഴിലായിരിക്കുന്നിടത്ത്, കേന്ദ്ര നിയമ നിർമ്മാണമണ്ഡലത്തിന്റെ കീഴിലുള്ള എല്ലാ ഭാഗങ്ങളും, ഈ നിർവ്വചനത്തിന്റെ ആവശ്യത്തിലേക്ക് ഒരു കാളനിയായി കരുതപ്പെടുന്നതും ആകുന്നു:

(13) "പ്രാരംഭ"ത്തിന് ഒരു ആക്റ്റിനേയോ റെഗുലേഷനേയോ സംബന്ധിച്ച് ഉപയോഗിച്ചാൽ, ആ ആക്റ്റോ റെഗുലേഷനോ പ്രാബല്യത്തിൽ വരുന്ന ദിവസം എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(14) "കമ്മീഷണർ"ക്ക് ഒരു ഡിവിഷന്റെ റവന്യൂ ഭരണത്തിന്റെ ചാർജ്ജുള്ള മുഖ്യ ഉദ്യോഗസ്ഥൻ എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(15) "ഭരണഘടന"യ്ക്ക് ഇൻഡ്യയുടെ ഭരണഘടന എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(16) "കാൺസുലർ ആഫീസറി"ൽ, കാൺസൽ ജനറലും, കാൺസലും വൈസ് കാൺസലും, കാൺസുലർ ഏജൻറും, പ്രോ കോൺസലും, കാൺസൽ ജനറലിന്റേയോ കാൺസലിന്റേയോ, വൈസ് കാൺസലിന്റേയോ, കാൺസുലർ ഏജൻറിന്റേയോ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ തൽസമയം പ്രാധികാരം നല്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആളും ഉൾപ്പെടുന്നതാകുന്നു:

(17) "ജില്ലാ ജഡ്ജി"ക്ക്, ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽ കോടതിയിലെ ജഡ്ജി എന്നർത്ഥമുണ്ടായിരിക്കുന്നതും, എന്നാൽ അതിൽ സാധാരണമോ അസാധാരണമോ ആയ ആദ്യ സിവിൽ അധികാരിത ഉപയോഗിക്കുന്ന ഒരു ഹൈക്കോടതി ഉൾപ്പെടാത്തതുമാകുന്നു:

(18) "രേഖ"യിൽ, ഏതൊരു കാര്യമാണോ, ആ കാര്യം രേഖപ്പെടുത്തുന്നതിനുവേണ്ടി ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ, ഉപയോഗിക്കാവുന്നതോ ആയ അക്ഷരങ്ങളോ അക്കങ്ങളോ അടയാളങ്ങളോ വഴിയായി, അല്ലെങ്കിൽ അവയിൽ ഒന്നിലധികം മാർഗ്ഗങ്ങളിലൂടെ ഏതെങ്കിലും പദാർത്ഥത്തിൻമേൽ എഴുതുകയോ പ്രകടമാക്കുകയോ വിവരിക്കുകയോ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും കാര്യം ഉൾപ്പെടുന്നതാകുന്നു:

(19) "അധിനിയമ" ത്തിൽ, (ഇതിൽ ഇതിനു ശേഷം നിർവ്വചിച്ച പോലെയുള്ള) ഒരു റഗുലേഷനും ബംഗാൾ കോഡിലേയോ മദ്രാസ് കോഡിലേയോ ബോംബേ കോഡിലേയോ ഏതെങ്കിലും റഗുലേഷനും ഉൾപ്പെടുന്നതും, ഏതെങ്കിലും ആക്റ്റിലും മുൻ പറഞ്ഞപോലെയുള്ള ഏതെങ്കിലും റഗുലേഷനിലും അടങ്ങിയിട്ടുള്ള ഏതെങ്കിലും വ്യവസ്ഥയുംകൂടി ഉൾപ്പെടുന്നതും ആകുന്നു:

(20) "പിതാവി" ൽ, തന്റെ വ്യക്തി നിയമം ദത്ത് അനുവദിക്കുന്ന ഏതെങ്കിലും ആളുടെ സംഗതിയിൽ, ദത്തു പിതാവ് ഉൾപ്പെടുന്നതാകുന്നു.

(21) "സാമ്പത്തികവർഷ"ത്തിന്, ഏപ്രിൽ ഒന്നാം ദിവസം ആരംഭിക്കുന്ന വർഷം എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(22) ഒരു സംഗതി, യഥാർത്ഥത്തിൽ സത്യസന്ധമായി ചെയ്തിട്ടുള്ളിടത്ത്, അത് ഉപേക്ഷാപൂർവ്വകമായി ചെയ്തതാണെങ്കിലും അല്ലെങ്കിലും, "ഉത്തമവിശ്വാസ" പൂർവ്വം ചെയ്തതായി കരുതപ്പെടുന്നതാകുന്നു:

(23) "ഗവൺമെൻറി"ൽ, കേന്ദ്രഗവൺമെൻറും, ഏതു സ്റേററ് ഗവൺമെൻറും കൂടി ഉൾപ്പെടുന്നതാകുന്നു:

(24) "ഗവൺമെൻറ് ഈടുപത്രങ്ങൾ" ക്ക്, കേന്ദ്രഗവൺമെൻറിന്റേയോ ഏതെങ്കിലും സ്റ്റേററ് ഗവൺമെൻറിന്റേയോ ഈടു പത്രങ്ങൾ എന്നർത്ഥമുണ്ടായിരിക്കുന്നതും, എന്നാൽ, ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും ആക്റ്റിലോ റഗുലേഷനിലോ ഏതെങ്കിലും ഖ ഭാഗം സ്റ്റേററു ഗവൺമെൻറിന്റെ ഈടുപത്രങ്ങൾ ഉൾപ്പെടുന്നതല്ലാത്തതു മാകുന്നു.

(25) "ഹൈക്കോടതി" ക്ക്, സിവിൽ നടപടികളെ സംബന്ധിച്ച് ഉപയോഗിച്ചാൽ, ഇൻഡ്യയുടെ പദം അടങ്ങിയിരിക്കുന്ന ആക്റ്റോ റഗുലേഷനോ പ്രാബല്യത്തിലിരിക്കുന്ന, ഭാഗത്തെ ഏററവും ഉയർന്ന സിവിൽ അപ്പീൽ കോടതി (സുപ്രീം കോടതി ഉൾപ്പെടാതെ) എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(26) "സ്ഥാവരവസ്തു" വിൽ, ഭൂമിയും, ഭൂമിയിൽ നിന്നുളവാകുന്ന ഗുണങ്ങളും, ഭൂബദ്ധമായതോ ഭൂബദ്ധമായ ഏതിനോടെങ്കിലും സ്ഥിരമായി ബന്ധിച്ചിട്ടുള്ളതോ ആയ സാധനങ്ങളും ഉൾപ്പെടുന്നതാകുന്നു:

(27) "തടവി" ന് ഇൻഡ്യൻ ശിക്ഷാനിയമ സംഹിതയിൽ നിർവ്വചിച്ച പ്രകാരമുള്ള രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് എന്ന് അർത്ഥമുണ്ടായിരിക്കുന്നതാണ്:

(28) "ഇൻഡ്യ" യ്ക്ക്—

(ക) ഇൻഡ്യാ ഡൊമിനിയൻ സ്ഥാപിക്കുന്നതിനു മുമ്പുള്ള ഏതെങ്കിലും കാലഘട്ടത്തെ സംബന്ധിച്ച്, ബ്രിട്ടീഷ് ഇൻഡ്യയും, അതോടുകൂടി ഇൻഡ്യൻ ഭരണാധികാരികളുടെ അന്ന് ചക്രവർത്തിയുടെ മേൽക്കോയ്മയ്ക്കു കീഴിലായിരുന്ന എല്ലാ രാജ്യക്ഷേത്രങ്ങളും, അങ്ങനെയുള്ള ഒരു ഇൻഡ്യൻ ഭരണാധികാരിയുടെ മേൽക്കോയ്മയിലുള്ള എല്ലാ രാജ്യക്ഷേത്രങ്ങളും, ഗോത്രവർഗ്ഗപ്രദേശങ്ങളും, എന്നും;

(ഖ) ഇൻഡ്യാ ഡൊമിനിയൻ സ്ഥാപനത്തിനുശേഷവും ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പും ഉള്ള ഏതെങ്കിലും കാലഘട്ടത്തെ സംബന്ധിച്ച്, ആ ഡൊമിനിയനിൽ തത്സമയം ഉൾപ്പെട്ടിട്ടുള്ള എല്ലാ രാജ്യക്ഷേത്രങ്ങളും എന്നും;

(ഗ) ഭരണഘടനയുടെ പ്രാരംഭത്തിനു ശേഷമുള്ള ഏതെങ്കിലും കാലഘട്ടം സംബന്ധിച്ച്, ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിൽ തത്സമയം അടങ്ങിയിട്ടുള്ള എല്ലാ രാജ്യക്ഷേത്രങ്ങളും, എന്നും;

അർത്ഥമുണ്ടായിരിക്കുന്നതാണ് :

(29) "ഇൻഡ്യൻ നിയമ" ത്തിന്, ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് ഇൻഡ്യയിലെ ഏതെങ്കിലും പ്രവിശ്യയിലോ അതിന്റെ ഭാഗത്തോ നിയമപ്രാബല്യമുണ്ടായിരുന്നതോ അല്ലെങ്കിൽ അതിനു ശേഷം ഏതെങ്കിലും ക ഭാഗം സ്റ്റേററിലോ ഗ ഭാഗം സ്റ്റേററിലോ നിയമപ്രാബല്യമുണ്ടായിരുക്കുന്നതോ ആയ ഏതെങ്കിലും ആക്റ്റോ, ആർഡിനൻസോ, റഗുലേഷനോ, ചട്ടമോ, ഉത്തരവോ, ബൈലായോ മററു പ്രമാണമോ എന്നർത്ഥമുണ്ടായിരിക്കുന്നതും, എന്നാൽ അതിൽ യുണൈറ്റഡ് കിങ്ഡത്തിലെ പാർലമെൻറിന്റെ ഏതെങ്കിലും ആക്റ്റോ അങ്ങനെയുള്ള ആക്റ്റിൻകീഴിൽ നിർമ്മിച്ച ഏതെങ്കിലും ആർഡർ ഇൻ കൗൺസിലോ ചട്ടമോ മററു പ്രമാണമോ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു:

(30) "ഇൻഡ്യൻ സ്റ്റേററി"ന് ഭരണഘടനയുടെ പ്രാരംഭത്തിനു മുൻപ് അങ്ങനെയുള്ള ഒരു സ്റ്റേററായി കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും രാജ്യ ക്ഷേത്രം, അത് ഒരു സ്റ്റേററെന്നോ, എസ്റ്റേ

റെറന്നോ, ജസ്റ്റീറെന്നോ അല്ലെങ്കിൽ മററു വിധത്തിലോ വിവരിക്കപ്പെട്ടതായാലും, എന്നർത്ഥമുണ്ടായിരിക്കുന്നതാകുന്നു;

(31) "തദ്ദേശാധികാരസ്ഥാന"ത്തിന് ഒരു മുൻസിപ്പൽ ഫണ്ടിൻേറയോ തദ്ദേശ ഫണ്ടിൻേറയോ നിയന്ത്രണത്തിനോ മാനേജുമെൻറിനോ നിയമാനുസൃതം അവകാശമുള്ളതോ അല്ലെങ്കിൽ അങ്ങനെയുള്ള നിയന്ത്രണമോ മാനേജുമെൻേറാ ഗവൺമെൻറിനാൽ ഭരമേല്പിക്കപ്പെട്ടിട്ടുള്ളതോ ആയ മുൻസിപ്പൽ കമ്മിററിയോ, ജില്ലാബോർഡോ, പോർട്ട് കമ്മിഷണർമാരുടെ നികായമോ മററധികാരസ്ഥാനമോ എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(32) "മജിസ്ട്രേട്ടി"ൽ, തൽസമയം പ്രാബല്യത്തിലിരിക്കുന്ന ക്രിമിനൽ നടപടി നിയമസംഹിതയിൻ കീഴിൽ ഒരു മജിസ്ട്രേട്ടിൻെറ എല്ലാ അധികാരങ്ങളുമോ അവയിൽ ഏതെങ്കിലുമോ പ്രയോഗിക്കുന്ന ഏതൊരാളും ഉൾപ്പെടുന്നതാകുന്നു:

(33) "മാസ്ററർ"ക്ക് ഒരു കപ്പൽ സംബന്ധിച്ച് ഉപയോഗ ച്ചാൽ തൽസമയം കപ്പലിൻെറ നിയന്ത്രണമോ ചാർജ്ജോ ഉള്ള ഏതെങ്കിലും ആൾ (ഒരു പൈലട്ടോ ഹാർബർ-മാസ്റററോ ഒഴികെ) എന്നത്ർത്ഥമുണ്ടായിരിക്കുന്നതാണ്:

(34) "ലയിത രാജ്യക്ഷേത്രങ്ങൾ"ക്ക്, ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ്, ഗവൺമെൻറ് അഫ് ഇൻഡ്യാ ആക്ററ്, 1935-ലെ 290ക വകുപ്പിൻകീഴിലുണ്ടായ ഉത്തരവിൻെറ ബലത്തിൽ ഒരു ഗവർണ്ണരുടെ പ്രവിശ്യയുടെ ഭാഗമായിരുന്നാലെന്നപോലെയോ, ചീഫ് കമ്മീഷണരുടെ പ്രവിശ്യ ആയിരുന്നാലെന്നപോലെയോ, ഭരിക്കപ്പെട്ടുപോന്നിരുന്ന രാജ്യക്ഷേത്രങ്ങൾ, എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(35 "മാസ"ത്തിന്, ബ്രിട്ടീഷ് കലണ്ടറനുസരിച്ച് കണക്കാക്കിയ മാസം എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(36) "ജംഗമവസ്തു"വിന് സ്ഥാവരവസ്തുവൊഴികെ ഏതു തരത്തിലുമുള്ള വസ്തു, എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(37) "ശപഥ"ത്തിൽ സത്യം ചെയ്യുന്നതിനു പകരം പ്രതിജ്ഞ ചെയ്യുവാനോ പ്രഖ്യാപനം ചെയ്യുവാനോ നിയമം അനുവദിച്ചിട്ടുള്ള ആളുകളുടെ സംഗതിയിൽ, പ്രതിജ്ഞയും പ്രഖ്യാപനവും ഉൾപ്പെടുന്നതാകുന്നു:

(38) "കുററ"ത്തിന്, തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്താൽ ശിക്ഷിക്കപ്പെടാവുന്നതാക്കിയിട്ടുള്ള ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(39) "ഔദ്യോഗിക ഗസററി"ന്, അല്ലെങ്കിൽ "ഗസററി"ന് ഇൻഡ്യാ ഗസററ് എന്നോ ഒരു സ്റേററിലെ ഔദ്യോഗിക ഗസററ് എന്നോ അർത്ഥമുണ്ടായിരിക്കുന്നതാണ്:

(40) "ഭാഗ"ത്തിന്, ആ വാക്ക് വരുന്ന ആക്ററിൻേറയോ റഗുലേഷനലേയോ ഒരു ഭാഗം എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(41) "ക ഭാഗം സ്റേററിന്" ഭരണഘടനയിലെ, ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 1956-ന് മുമ്പ് പ്രാബല്യത്തിലിരുന്നതുപോലെയുള്ള ഒന്നാം പട്ടികയുടെ ക ഭാഗത്തിൽ തൽസമയം വിനിർദ്ദിഷ്ടമായിരിക്കുന്ന ഒരു സ്റേററ് എന്നർത്ഥമുണ്ടായിരിക്കുന്നതും; "ഖ ഭാഗം സ്റേററി"ന് ആ പട്ടികയുടെ ഖ ഭാഗത്തിൽ തൽസമയം വിനിർദ്ദിഷ്ടമായിരിക്കുന്ന ഒരു സ്റേററ് എന്നർത്ഥമുണ്ടായിരിക്കുന്നതും,

"ഗ ഭാഗം സ്റേററി"ന് ആ പട്ടികയുടെ ഗ ഭാഗത്ത് തൽസമയം വിനിർദ്ദിഷ്ടമായിരിക്കുന്ന ഒരു സ്റേററ് എന്നോ, അല്ലെങ്കിൽ ഭരണഘടന 243-ാം അനുച്ഛേദത്തിലെ വ്യവസ്ഥയ്ക്ക് കീഴിൽ തൽസമയം രാഷ്ട്രപതി ഭരിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യക്ഷേത്രം എന്നോ, അർത്ഥമുണ്ടായിരിക്കുന്നതും, ആകുന്നു:

(42) "ആളി"ൽ, ഏതെങ്കിലും കമ്പനിയോ സമാജമോ വ്യക്തികളുടെ നികായമോ, അത് ഏകാംഗീകൃതമായതോ അല്ലാത്തതോ ആയാലും, ഉൾപ്പെടുന്നതാകുന്നു:

(43) "പൊളിററിക്കൽ ഏജൻറി"ന്,—

(ക) ഇൻഡ്യയ്ക്ക് പുറമേയുള്ള ഏതെങ്കിലും രാജ്യക്ഷേത്രം സംബന്ധിച്ച്, അങ്ങനെയുള്ള രാജ്യക്ഷേത്രത്തിൽ കേന്ദ്രഗവൺമെൻറിനെ പ്രതിനിധാനം ചെയ്യുന്ന പ്രധാന ഉദ്യോഗസ്ഥൻ എന്നും, അയാൾക്ക് എന്തു പേർ പറഞ്ഞാലും;

(ഖ) ഇൻഡ്യയ്ക്കകത്ത് ഈ പദം അടങ്ങിയിരിക്കുന്ന ആക്ററോ റെഗുലേഷനോ വ്യാപിക്കാത്ത, ഏതെങ്കിലും രാജ്യക്ഷേത്രം സംബന്ധിച്ച്, ആ ആക്ററിനോ റഗുലേഷനോ കീഴിൽ ഒരു പൊളിററിക്കൽ ഏജൻറിൻെറ എല്ലാ അധികാരങ്ങളുമോ അവയിൽ ഏതെങ്കിലുമോ പ്രയോഗിക്കുവാനായി കേന്ദ്രഗവൺമെൻറിനാൽ നിയമിക്കപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്നും അർത്ഥമുണ്ടായിരിക്കുന്നതാണ്:

(44) "പ്രസിഡൻസി ടൗണി"ന് അതതു സംഗതിപോലെ, കൽക്കട്ടയിലേയോ, മദ്രാസിലേയോ ബോംബേയിലേയോ ഹൈക്കോടതിയുടെ സാധാരണസിവിൽ ആദ്യാധികാരിതയുടെ തൽസമയത്തെ തദ്ദേശാതിർത്തികൾ എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(45) "പ്രവിശ്യ"ക്ക്, ഒരു പ്രസിഡൻസിയെന്നോ ഒരു ഗവർണ്ണരുടെ പ്രവിശ്യ എന്നോ ഒരു ലഫ്ററനൻറ് ഗവർണ്ണരുടെ പ്രവിശ്യയെന്നോ ഒരു ചീഫ് കമ്മിഷണരുടെ പ്രവിശ്യയെന്നോ അർത്ഥമുണ്ടായിരിക്കുന്നതാണ്:

(46) "പ്രവിശ്യാ ആക്ററി"ന് ഏതെങ്കിലും ഇൻഡ്യൻ കൗൺസിൽസ് ആക്ററുകൾക്കോ ഇൻഡ്യാ ഗവൺമെൻറ് ആക്ററ്, 1915-നോ കീഴിൽ ഒരു പ്രവിശ്യയിലെ ഗവർണ്ണർ ഇൻ കൗൺസിലോ, ലഫ്ററനൻറ് ഗവർണ്ണർ ഇൻ കൗൺസിലോ, ചീഫ് കമ്മീഷണർ ഇൻ കൗൺസിലോ നിർമ്മിച്ചിട്ടുള്ള ഒരു ആക്ററ് എന്നോ, അല്ലെങ്കിൽ ഇൻഡ്യാ ഗവൺമെൻറ് ആക്ററിൻ കീഴിൽ ഒരു പ്രവിശ്യയിലെ തദ്ദേശ നിയമനിർമ്മാണ മണ്ഡലമോ, ഗവർണ്ണറോ നിർമ്മിച്ചിട്ടുള്ള ഒരു ആക്ററ് എന്നോ, അല്ലെങ്കിൽ ഇൻഡ്യാ ഗവൺമെൻറ് ആക്ററ്, 1935-ൻ കീഴിൽ ഒരു പ്രവിശ്യയിലെ നിയമനിർമ്മാണമണ്ഡലമോ ഗവർണ്ണറോ, കുടക് നിയമസമിതിയോ നിർമ്മിച്ചിട്ടുള്ള ഒരു ആക്ററ് എന്നോ അർത്ഥമുണ്ടായിരിക്കുന്നതാണ്:

(47) "പ്രവിശ്യാ ഗവൺമെൻറി"ന്, ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് ചെയ്തിട്ടുള്ള എന്തെങ്കിലും സംബന്ധിച്ച് പരിഗണനയ്ക്കു വിഷയകമായ പ്രവിശ്യയിലെ നിർവാഹക ഭരണം നടത്തുവാൻ പ്രസക്ത തീയതി പ്രാധികാരമുള്ള അധികാരസ്ഥാനമോ ആളോ എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(48) "പൊതുജനശല്യ"ത്തിന്, ഇൻഡ്യൻ ശിക്ഷനിയമസംഹിതയിൽ നിർവ്വചിച്ചപ്രകാരമുള്ള പൊതുജനശല്യം എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(49) "രജിസ്റ്റർ ചെയ്ത"എന്നതിന്, ഒരു രേഖ സംബന്ധിച്ച് ഉപയോഗിച്ചാൽ, രേഖകളുടെ രജിസ്ട്രേഷനുവേണ്ടി തൽസമയം പ്രാബല്യത്തിലുള്ള നിയമത്തിൻ കീഴിൽ ഇൻഡ്യയിൽ രജിസ്റ്റർ ചെയ്ത എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(50) "റഗുലേഷ"ന്, ഭരണഘടന 240-ാം അനുച്ഛേദത്തിൻ കീഴിൽ രാഷ്ട്രപതി നിർമ്മിച്ചിട്ടുള്ള ഒരു റഗുലേഷൻ എന്നർത്ഥമുണ്ടായിരിക്കുന്നതും. അതിൽ ഭരണഘടന 243-ാം അനുച്ഛേദത്തിൻ കീഴിൽ രാഷ്ട്രപതി നിർമ്മിച്ചിട്ടുള്ള ഒരു റഗുലേഷനും, ഇൻഡ്യാ ഗവൺമെൻറ് ആക്ററ്, 1870-നോ, ഇൻഡ്യാ ഗവൺമെൻറ് ആക്ററ്, 1915-നോ, ഇൻഡ്യാ ഗവൺമെൻറ് ആക്ററിനോ, ഇൻഡ്യാ ഗവൺമെൻറ് ആക്ററ്,1935-നോ കീഴിൽ കേന്ദ്രഗവൺമെൻറ് നിർമ്മിച്ചിട്ടുള്ള ഒരു റഗുലേഷനും ഉൾപ്പെടുന്നതും ആകുന്നു.

(51) "ചട്ട"ത്തിന്, ഏതെങ്കിലും അധിനിയമത്താൽ നല്കപ്പെട്ട അധികാരത്തിൻെറ പ്രയോഗത്തിൽ നിർമ്മിച്ചിട്ടുള്ള ചട്ടം എന്നർത്ഥമുണ്ടായിരിക്കുന്നതും, അതിൽ ഏതെങ്കിലും അധിനിയമത്തിൻ കീഴിൽ ചട്ടമായി നിർമ്മിച്ചിട്ടുള്ള റഗുലേഷൻ ഉൾപ്പെടുന്നതും ആകുന്നു:

(52) "പട്ടിക"യ്ക്ക്, ആ വാക്കു വരുന്ന ആക്ററിലേയോ റഗുലേഷനിലേയോ പട്ടിക എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(53) "പട്ടികജില്ല"യ്ക്ക് പട്ടികജില്ലകൾ ആക്ററ്, 1874-ൽ നിർവചിച്ചപ്രകാരമുള്ള"പട്ടികജില്ല"എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(54) "വകുപ്പി"ന്, ആ വാക്കുവരുന്ന ആക്ററിലേയോ, റഗുലേഷനിലേയോ വകുപ്പ് എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(55) "കപ്പലി"ൽ, ജലഗതാഗതത്തിൽ ഉപയോഗിക്കുന്നതും കേവലം തണ്ടുകൾകൊണ്ടു പായിക്കുന്നതല്ലാത്തതുമായ ഏതുതരത്തിലുമുള്ള ജലയാനവും ഉൾപ്പെടുന്നതാകുന്നു:

(56) "ഒപ്പിടുക" എന്നതിലും, അതിൻെറ വ്യാകരണസംബന്ധമായ രൂപഭേദങ്ങളിലും സജാതീയ പദങ്ങളിലും, തൻെറ പേരെഴുതാൻ കഴിയാത്ത ഒരാളെ സംബന്ധിച്ച്, "അടയാള"വും അതിൻെറ വ്യാകരണസംബന്ധമായ രൂപഭേദങ്ങളും സജാതീയ പദങ്ങളും ഉൾപ്പെടുന്നതാകുന്നു:

(57) "പുത്രനി"ൽ തൻെറ വ്യക്തി നിയമം ദത്ത് അനുവദിക്കുന്ന ഏതെങ്കിലും ആളുടെ സംഗതിയിൽ, ദത്തുപുത്രൻ ഉൾപ്പെടുന്നതാകുന്നു:

(58) "സ്റേററി"ന്.—

(ക) ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 1956-ൻെറ പ്രാരംഭത്തിനു മുമ്പുള്ള ഏതെങ്കിലും കാലഘട്ടം സംബന്ധിച്ച് ഒരു ക ഭാഗം സ്റേററ് എന്നോ, ഒരു ഖ ഭാഗം സ്റേററ് എന്നോ, ഒരു ഗ ഭാഗം സ്റേററ് എന്നോ അർത്ഥമുണ്ടായിരിക്കുന്നതും:

(ഖ) അങ്ങനെയുള്ള പ്രാരംഭത്തിനു ശേഷമുള്ള ഏതെങ്കിലും കാലഘട്ടം സംബന്ധിച്ച് ഭരണഘടനയിലെ ഒന്നാം പട്ടികയിൽ വിനിർദ്ദിഷ്ടമായ ഒരു സ്റേററ് എന്നർത്ഥമുണ്ടായിരിക്കുന്നതും, അതിൽ യൂണിയൻ രാജ്യക്ഷേത്രം ഉൾപ്പെടുന്നതും;

ആകുന്നു:

(59) "സ്റേററ് ആക്ററി"ന്, ഭരണഘടനയാൽ സ്ഥാപിക്കപ്പെട്ടതോ തുടരുന്നതോ ആയ ഒരു സ്റേററിൻെറ നിയമനിർമ്മാണ മണ്ഡലത്താൽ പാസ്സാക്കപ്പെട്ട ഒരു ആക്ററ്, എന്നർത്ഥമുണ്ടായിരിക്കുന്നതാണ്:

(60) "സ്റേററ് ഗവൺമെൻറി"ന്,

(ക) ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് ചെയ്തിട്ടുള്ള എന്തെങ്കിലും സംബന്ധിച്ച്, ഒരു ക ഭാഗം സ്റേററിൽ തൽസ്ഥാനത്തുള്ള പ്രവിശ്യയിലെ പ്രവിശ്യാ ഗവൺമെൻറ് എന്നും, ഒരു ഖ ഭാഗം സ്റേററിൽ തൽസ്ഥാനത്തുള്ള പ്രവേശക സ്റേററിലെ നിർവാഹക ഭരണം നടത്തുവാൻ പ്രസക്ത തീയതി പ്രാധികാരമുള്ള അധികാരസ്ഥാനമോ ആളോ എന്നും, ഒരു ഗ ഭാഗം സ്റേററിൽ കേന്ദ്ര ഗവൺമെൻറ് എന്നും അർത്ഥമുണ്ടായിരിക്കുന്നതും;

(ഖ) ഭരണഘടനയുടെ പ്രാരംഭത്തിനു ശേഷവും ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 1956-ൻെറ പ്രാരംഭത്തിനു മുമ്പും ചെയ്തിട്ടുള്ള എന്തെങ്കിലും സംബന്ധിച്ച്, ഒരു ക ഭാഗം സ്റേററിൽ ഗവർണ്ണർ എന്നും, ഒരു ഖ ഭാഗം സ്റേററിൽ രാജ്പ്രമുഖൻ എന്നും, ഒര ഗ ഭാഗം സ്റേററിൽ കേന്ദ്ര ഗവൺമെൻറ് എന്നും അർത്ഥമുണ്ടായിരിക്കുന്നതും;

(ഗ) ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 1956-ൻെറ പ്രാരംഭത്തിനു ശേഷം ചെയ്തിട്ടുള്ളതോ ചെയ്യാനുള്ളതോ ആയ എന്തെങ്കിലും സംബന്ധിച്ച്, ഒരു സ്റേററിൽ ഗവർണ്ണറും ഒരു യൂണിയൻ രാജ്യക്ഷേത്രത്തിൽ കേന്ദ്ര ഗവൺമെൻറും എന്നർത്ഥമുണ്ടായിരിക്കുന്നതും

അതിൽ ഭരണഘടന 258 ക അനുച്ഛേദത്തിൻ കീഴിൽ ഇൻഡ്യാഗവൺമെൻറിനെ ഭരമേല്പിച്ചിട്ടുള്ള ചുമതലകളം സംബന്ധിച്ച് ആ അനുച്ഛേദത്തിൻ കീഴിൽ നല്കപ്പെട്ടിട്ടുള്ള പ്രാധികാരത്തിൻെറ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന കേന്ദ്ര ഗവൺമെൻറ് ഉൾപ്പെടുന്നതും; ആകുന്നു:

(61) "ഉപവകുപ്പി"ന്, ആ വാക്കു വരുന്ന വകുപ്പിലെ ഉപ വകുപ്പ് എന്ന് അർത്ഥമുണ്ടായിരിക്കുന്നതാണ്:

(62) "സത്യം ചെയ്യുക" എന്നതിലും അതിൻെറ വ്യാകരണ സംബന്ധമായ രൂപഭേദങ്ങളിലും സജാതീയ പദങ്ങളിലും, സത്യം ചെയ്യുന്നതിനു പകരം പ്രതിജ്ഞ ചെയ്യുവാനോ പ്രഖ്യാപനം ചെയ്യുവാനോ നിയമം അനുവദിച്ചിട്ടുള്ള ആളുകളുടെ സംഗതിയിൽ, പ്രതിജ്ഞ ചെയ്യുന്നതും പ്രഖ്യാപനം ചെയ്യുന്നതും ഉൾപ്പെടുന്നതാകുന്നു.

(62 ക) "യൂണിയൻ രാജ്യ ക്ഷേത്ര"ത്തിന്, ഭരണഘടനയുടെ ഒന്നാം പട്ടികയിൽ വിനിർദ്ദിഷ്ടമായ ഏതെങ്കിലും യൂണിയൻ രാജ്യക്ഷേത്രം എന്നർത്ഥമുണ്ടായിരിക്കുന്നതും, അതിൽ ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിൽ അടങ്ങിയിരിക്കുന്നതും എന്നാൽ ആ പട്ടികയിൽ വിനിർദ്ദിഷ്ടമല്ലാത്തതുമായ മറേറതെങ്കിലും രാജ്യക്ഷേത്രം ഉൾപ്പെടുന്നതും ആകുന്നു:

(63) "ജലയാന"ത്തിൽ, ഏതെങ്കിലും കപ്പലോ ബോട്ടോ അല്ലെങ്കിൽ ജലഗതാഗതത്തിന് ഉപയോഗിക്കുന്ന മറേറതെങ്കിലും തരത്തിൽപ്പെട്ട ജലയാനമോ ഉൾപ്പെടുന്നതാകുന്നു:

(64) "മരണശാസന"ത്തിൽ, ഒരു കോഡിസില്ലും വസ്തുവിൻെറ സ്വേച്ഛയാ ഉള്ള ഒരു മരണാനന്തരവിനിയോഗം ചെയ്യുന്ന ഏതൊരു ലിഖിതവും ഉൾപ്പെടുന്നതാകുന്നു:

(65) "ലിഖിത"ത്തെ പരാമർശിച്ചുകൊണ്ടുള്ള പദങ്ങളിൽ, അച്ചടിയും കല്ലച്ചെഴുത്തും, ഫോട്ടോഗ്രാഫിയും വാക്കുകളെ ദൃശ്യരൂപത്തിൽ പ്രതിരൂപണം ചെയ്യുകയോ പുനരുദ്ധരിക്കുകയോ ചെയ്യുന്ന മററ് സംപ്രദായങ്ങളും ഉൾപ്പെടുന്നതായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു:

(66) "വർഷ"ത്തിന്, ബ്രിട്ടീഷ് കലണ്ടർ അനുസരിച്ച് കണക്കാക്കിയിട്ടുള്ള വർഷം എന്നർത്ഥമുണ്ടായിരിക്കുന്നതാണ്.

4. മുൻപറഞ്ഞ നിർവ്വചനങ്ങൾ മുന്നധിനിയമങ്ങൾക്ക് ബാധകമാക്കൽ:— (1) താഴെപ്പറയുന്ന വാക്കുകൾക്കും പദങ്ങൾക്കും, അതായത്, "സത്യവാങ്മൂലം", "ബാരിസ്റ്റർ", "ജില്ലാ ജഡ്ജി", "പിതാവ്", "സ്ഥാവര വസ്തു", "തടവ്", "മജിസ്ട്രേട്ട്", "മാസം", "ജംഗമ വസ്തു", "ശപഥം", "ആൾ", "വകുപ്പ്", "പുത്രൻ", "സത്യം ചെയ്യുക", "മരണശാസനം", "വർഷം" എന്നിവയ്ക്ക് 3-ാം വകുപ്പിലുള്ള നിർവ്വചനങ്ങൾ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്ത പക്ഷം, 1868 ജനുവരി മൂന്നാം ദിവസത്തിനു ശേഷം നിർമ്മിച്ചിട്ടുള്ള എല്ലാ കേന്ദ്ര ആക്ററുകൾക്കും, 1887 ജനുവരി പതിന്നാലാം ദിവസമോ അതിനു ശേഷമോ നിർമ്മിച്ചിട്ടുള്ള എല്ലാ റഗുലേഷനുകൾക്കും കൂടി ബാധകമാകുന്നതാണ്.

(2) മേല്പറഞ്ഞ വകുപ്പിൽ താഴെപ്പറയുന്ന വാക്കുകൾക്കും പദങ്ങൾക്കും, അതായത്, "പ്രേരണ നല്കുക", "അദ്ധ്യായം", "പ്രാരംഭം", "സാമ്പത്തികവർഷം", "തദ്ദേശാധികാരസ്ഥാനം", "മാസ്റ്റർ", "കുററം", "ഭാഗം", "പൊതുജന ശല്യം" "രജിസ്ററർ ചെയ്ത", "പട്ടിക", "കപ്പൽ", "ഒപ്പിടുക", "ഉപവകുപ്പ്", "ലിഖിതം" എന്നിവയ്ക്കുള്ള നിർവ്വചനങ്ങൾ, വിഷയത്തിലോ, സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം, 1887, ജനുവരി പതിന്നാലാം ദിവസമോ അതിനു ശേഷമോ നിർമ്മിച്ചിട്ടുള്ള എല്ലാ കേന്ദ്ര ആക്ററുകൾക്കും റഗുലേഷനുകൾക്കും കൂടി ബാധകമാകുന്നതാണ്.

4 ക. ചില നിർവ്വചനങ്ങൾ ഇൻഡ്യൻ നിയമങ്ങൾക്ക് ബാധകമാക്കൽ:— (1) മൂന്നാം വകുപ്പിലെ, "ബ്രിട്ടീഷ് ഇൻഡ്യ", "കേന്ദ്ര ആക്ററ്", "കേന്ദ്ര ഗവൺമെൻറ്", "മുഖ്യ നിയന്ത്രക റവന്യൂ അധികാര സ്ഥാനം", "മുഖ്യ റവന്യൂ അധികാരസ്ഥാനം", "ഭരണഘടന", "ഗസററ്", "ഗവൺമെൻറ് ഈടുപത്രങ്ങൾ", "ഹൈക്കോടതി", "ഇൻഡ്യ", "ഇൻഡ്യൻ നിയമം", "ഇൻഡ്യൻ സ്റേററ്", "ലയിത രാജ്യക്ഷേത്രങ്ങൾ", "ഔദ്യോഗിക ഗസററ്", "ക ഭാഗം സ്റേററ്" "ഖ ഭാഗം സ്റേററ്", "ഗ ഭാഗം സ്റേററ്", "പ്രവിശ്യാ ഗവൺമെൻറ്", "സ്റേററ്", "സ്റേററ് ഗവൺമെൻറ്" എന്നീ പദങ്ങളുടെ നിർവ്വചനങ്ങൾ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്ത പക്ഷം, എല്ലാ ഇൻഡ്യൻ നിയമങ്ങൾക്കും ബാധകമാകുന്നതാണ്.

(2) ഏതെങ്കിലും ഇൻഡ്യൻ നിയമത്തിൽ കേന്ദ്ര ഗവൺമെൻറിൻേറയോ ഏതെങ്കിലും സ്റേററ് ഗവൺമെൻറിൻേറയോ റവന്യൂവിനെപ്പററിയുള്ള പരാമർശങ്ങൾക്ക്, അവ വാക്കുകളുടെ ഏതുരൂപത്തിലായിരുന്നാലും, 1950 ഏപ്രിൽ ഒന്നാം ദിവസവും അന്നു മുതല്ക്കും, അതതു സംഗതി പോലെ, ഇൻഡ്യയുടെ സഞ്ചിത നിധിയേയോ, ആ സ്റേററിൻെറ സഞ്ചിത നിധിയേയോ പററിയുള്ള പരാമർശങ്ങളായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു.

## അർത്ഥ കല്പനം സംബന്ധിച്ച സാമാന്യ ചട്ടങ്ങൾ

5. അധിനിയമങ്ങൾ പ്രവർത്തനത്തിൽ വരുന്നത്.—(1) ഏതെങ്കിലും കേന്ദ്ര ആക്ററ്, ഒരു പ്രത്യേക ദിവസം പ്രവർത്തനത്തിൽ വരുന്നതായി പ്രകടമാക്കിയിട്ടില്ലാത്തിടത്ത്, അത്, അതിന്—

(ക) ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് നിർമ്മിച്ചിട്ടുള്ള ഒരു കേന്ദ്ര ആക്ററിൻെറ സംഗതിയിൽ, ഗവർണ്ണർ ജനറലിൻേറയും,

(ഖ) പാർലമെൻറിൻെറ ഒരു ആക്ററിൻെറ സംഗതിയിൽ,രാഷ്ട്രപതയുടേയും,
അനുമതി കിട്ടുന്ന ദിവസം പ്രവർത്തനത്തിൽ വരുന്നതാകുന്നു.

(2) * * *

(3) വിപരീതമായതു പ്രകടമാക്കിയിട്ടില്ലാത്ത പക്ഷം, ഒരു കേന്ദ്ര ആക്ററോ, റഗുലേഷനോ അതിൻെറ പ്രാരംഭത്തിനു തൊട്ടുമുമ്പുള്ള ദിവസം അവസാനിച്ച ഉടൻ പ്രവർത്തനത്തിൽ വരുന്നതായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു.

5 ക. (ഗവർണ്ണർ ജനറലിൻെറ ആക്ററ് പ്രവർത്തനത്തിൽ വരുന്നത്) 1947-ലെ അനുയോജന ഉത്തരവിനാൽ റദ്ദാക്കപ്പെട്ടു.

6. റദ്ദാക്കലിൻെറ പ്രഭാവം.— ഈ ആക്ററോ ഈ ആക്ററിൻെറ പ്രാരംഭത്തിനുശേഷം നിർമ്മിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്ററോ, റഗുലേഷനോ, ഇതേവരെ നിർമ്മിക്കപ്പെട്ടിട്ടുള്ളതോ, ഇതിനു ശേഷം നിർമ്മിക്കപ്പെടുന്നതോ ആയ ഏതെങ്കിലും അധിനിയമം റദ്ദാക്കുന്നിടത്ത് വ്യത്യസ്തമായ ഉദ്ദേശ്യം കാണാത്തപക്ഷം, ആ റദ്ദാക്കൽ—

(ക) റദ്ദാക്കൽ ഫലത്തിൽ വരുന്ന സമയത്ത് പ്രാബല്യത്തിൽ ഇല്ലാത്തതോ, നിലവിൽ ഇല്ലാത്തതോ ആയ ഏതിനെയെങ്കിലും പുനർജീവിപ്പിക്കുകയോ;

(ഖ) അപ്രകാരം റദ്ദാക്കപ്പെട്ട ഏതെങ്കിലും അധിനിയമത്തിൻെറ മുൻ പ്രവർത്തനത്തേയോ, ആ അധിനിയമത്തിൻ കീഴിൽ യഥാവിധി ചെയ്യപ്പെടുകയോ സഹിക്കുകയോ ചെയ്ത എന്തിനെയെങ്കിലുമോ ബാധിക്കുകയോ;

(ഗ) അപ്രകാരം റദ്ദാക്കപ്പെട്ട ഏതെങ്കിലും അധിനിയമത്തിൻകീഴിൽ ആർജ്ജിക്കുകയോ, സിദ്ധിക്കുകയോ, നേരിടുകയോ ചെയ്ത ഏതെങ്കിലും അവകാശത്തേയോ, വിശേഷാവകാശത്തേയോ, കടപ്പാടിനേയോ, ബാദ്ധ്യതയേയോ ബാധിക്കുകയോ;

(ഘ) അപ്രകാരം റദ്ദാക്കപ്പെട്ട ഏതെങ്കിലും അധിനിയമത്തിനെതിരായി ചെയ്യപ്പെട്ട ഏതെങ്കിലും കുററം സംബന്ധിച്ച് നേരിട്ടിട്ടുള്ള ഏതെങ്കിലും ദണ്ഡനത്തേയോ കണ്ടുകെട്ടലിനേയോ ശിക്ഷയേയോ ബാധിക്കുകയോ;

(ങ) മുൻപറഞ്ഞ പ്രകാരമുള്ള ഏതെങ്കിലും അവകാശമോ, വിശേഷാവകാശമോ, കടപ്പാടോ, ബാദ്ധ്യതയോ, ദണ്ഡനമോ, കണ്ടുകെട്ടലോ, ശിക്ഷയോ സംബന്ധിച്ചുള്ള ഏതെങ്കിലും അന്വേഷണത്തേയോ, നിയമനടപടിയേയോ നിവൃത്തിമാർഗ്ഗത്തേയോ, ബാധിക്കുകയോ ചെയ്യുന്നതല്ലാത്തതും റദ്ദാക്കാവുന്ന ആക്ററോ റഗുലേഷനോ പാസ്സാക്കിയിട്ടില്ലായിരുന്നെങ്കിലെന്നപോലെ അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണമോ, നിയമനടപടിയോ, നിവൃത്തിമാർഗ്ഗമോ ആരംഭിക്കുകയോ, തുടരുകയോ, പ്രാവർത്തികമാക്കുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും ദണ്ഡനമോ കണ്ടുകെട്ടലോ ശിക്ഷയോ ചുമത്തപ്പെടാവുന്നതും ആണ്.

6 ക. ആക്ററിലോ റഗുലേഷനിലോ പാഠപരമായ ഭേദഗതിവരുത്തുന്ന ആക്ററ് റദ്ദാക്കൽ.—ഈ ആക്ററിൻെറ പ്രാരംഭത്തിനുശേഷം നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്ററോ റഗുലേഷനോ ഏതെങ്കിലും കേന്ദ്ര ആക്ററിൻേറയോ റഗുലേഷൻേറയോ പാഠം, ഏതെങ്കിലും കാര്യം പ്രകടമായി വിട്ടുകളഞ്ഞോ കൂട്ടിച്ചേർത്തോ പകരം ചേർത്തോ ഭേദഗതിചെയ്യുന്ന ഏതെങ്കിലും അധിനിയമത്തെ റദ്ദാക്കുന്നിടത്ത്, വ്യത്യസ്ത ഉദ്ദേശ്യം കാണാത്ത പക്ഷം, ആ റദ്ദാക്കൽ അങ്ങനെ റദ്ദാക്കപ്പെട്ട നിയമം നിർമ്മിച്ചതും ആ റദ്ദാ

ക്കലിന്റെ സമയത്ത് പ്രവർത്തനത്തിൽ ഉണ്ടായിരുന്നതുമായ അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതി തുടർന്നുപോകുന്നതിനെ ബാധിക്കുന്നതല്ല.

7. റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ പുനർജ്ജീവിപ്പിക്കൽ:—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്റ്റിലോ റഗുലേഷനിലോ മുഴുവനായോ ഭാഗികമായോ റദ്ദാക്കപ്പെട്ട ഏതെങ്കിലും അധിനിയമം മുഴുവനായോ ഭാഗികമായോ പുനർജ്ജീവിപ്പിക്കുന്നതിലേക്ക് ആ ഉദ്ദേശ്യം പ്രകടമായി വിവരിച്ചിരിക്കേണ്ടത് ആവശ്യകമാകുന്നു.

(2) ഈ വകുപ്പ് 1968 ജനുവരി മൂന്നാം ദിവസത്തിനുശേഷം നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കേന്ദ്ര ആക്റ്റുകൾക്കും, 1887 ജനുവരി പതിന്നാലാം ദിവസമോ അതിനുശേഷമോ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ റഗുലേഷനുകൾക്കും കൂടി ബാധകമാകുന്നു.

8. റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ സംബന്ധിച്ച പരാമർശങ്ങൾക്കുള്ള അർത്ഥകല്പന.—(1) ഈ ആക്റ്റോ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്റ്റോ റഗുലേഷനോ, രൂപഭേദങ്ങളോടുകൂടിയോ അല്ലാതെയോ ഒരു മുൻ അധിനിയമത്തിന്റെ ഏതെങ്കിലും വ്യവസ്ഥ റദ്ദാക്കുകയും വീണ്ടും അധിനിയമം ചെയ്യുകയും ചെയ്യുന്നിടത്ത്, അപ്രകാരം റദ്ദാക്കിയ വ്യവസ്ഥ സംബന്ധിച്ച് മറേറതെങ്കിലും അധിനിയമത്തിലോ ഏതെങ്കിലും പ്രമാണത്തിലോ ഉള്ള പരാമർശങ്ങൾക്ക് വ്യത്യസ്തമായ ഉദ്ദേശ്യം കാണാത്തപക്ഷം, അപ്രകാരം വീണ്ടും അധിനിയമം ചെയ്ത വ്യവസ്ഥ സംബന്ധിച്ച പരാമർശങ്ങളായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു.

(2) 1947 ആഗസ്ററ് പതിനഞ്ചാം ദിവസത്തിന് മുമ്പ് യുണൈററഡ് കിങ്ഡത്തിലെ പാർലമെൻറിന്റെ ഏതെങ്കിലും ആക്ററ്, ഒരു മുൻ അധിനിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ രൂപഭേദങ്ങളോടുകൂടിയോ അല്ലാതേയോ, റദ്ദാക്കുകയും പുനരധിനിയമം ചെയ്യുകയും ചെയ്തിട്ടുള്ളിടത്ത്, ഏതെങ്കിലും കേന്ദ്ര ആക്റ്റിലോ റഗുലേഷനിലോ പ്രമാണത്തിലോ അപ്രകാരം റദ്ദാക്കിയിട്ടുള്ള വ്യവസ്ഥസംബന്ധിച്ചുള്ള പരാമർശങ്ങൾക്ക് വ്യത്യസ്തമായ ഉദ്ദേശ്യം കാണാത്തപക്ഷം, അപ്രകാരം വീണ്ടും അധിനിയമം ചെയ്ത വ്യവസ്ഥ സംബന്ധിച്ച പരാമർശങ്ങളായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു

9. സമയം ആരംഭിക്കുന്നതും അവസാനിക്കുന്നതും.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്റ്റിലോ റഗുലേഷനിലോ, ദിവസങ്ങളുടേയോ സമയത്തിന്റെ മറേറതെങ്കിലും കാലയളവിന്റേയോ ഒരു പരമ്പരയിൽ ആദ്യത്തേത് ഒഴിവാക്കുന്നതിലേക്ക് "മുതൽ" എന്ന വാക്ക് ഉപയോഗിക്കുകയും, ദിവസങ്ങളുടേയോ സമയത്തിന്റെ മറേറതെങ്കിലും കാലയളവിന്റേയോ ഒരു പരമ്പരയിൽ ഒടുവിലത്തേത് ഉൾപ്പെടുത്തുന്നതിലേക്ക് "വരെ" എന്ന വാക്കു ഉപയോഗിക്കുകയും ചെയ്താൽ മതിയാകുന്നതാണ്.

(2) ഈ വകുപ്പ് 1868 ജനുവരി മൂന്നാം ദിവസത്തിനു ശേഷം നിർമ്മിച്ചിട്ടുള്ള എല്ലാ കേന്ദ്ര ആക്റ്റുകൾക്കും 1887 ജനുവരി പതിന്നാലാം ദിവസമോ അതിനു ശേഷമോ നിർമ്മിച്ചിട്ടുള്ള എല്ലാ റഗുലേഷനുകൾക്കും കൂടി ബാധകമാകുന്നതാണ്.

10. സമയം കണക്കാക്കൽ.—(1) ഒരു കൃത്യമോ നടപടിയോ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്റ്റിനാലോ റഗുലേഷനാലോ ഒരു പ്രത്യേക ദിവസമോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള

കോടതിയിലോ ആഫീസിലോ.
ഒരു കാലയളവിനുള്ളിലോ, ഏതെങ്കിലും
ചെയ്യുവാനോ എടുക്കുവാനോ നിർദ്ദേശിക്കപ്പെടുകയോ അനുവദിക്ക
പ്പെടുകയോ ചെയ്യുന്നിടത്ത്, ആ ദിവസമോ നിർണ്ണയിക്കപ്പെട്ട കാലയളവിന്റെ
അവസാനദിവസമോ ആ കോടതിയോ ആഫീസോ അടച്ചിരിക്കുന്നുവെങ്കിൽ,
ആ കൃത്യമോ നടപടിയോ, കോടതിയോ ആഫീസോ അതിന്റെ ശേഷം
പിന്നെ തുറക്കുന്ന ദിവസം, ചെയ്യുകയോ എടുക്കുകയോ ചെയ്യുന്നുവെങ്കിൽ,
അതു യഥാസമയം ചെയ്തതായോ എടുത്തതായോ കരുതപ്പെടുന്നതാകുന്നു:
എന്നാൽ, ഈ വകുപ്പിലെ യാതൊന്നും ഇൻഡ്യൻ കാലഹരണ ആക്റ്റ്
1877 ബാധകമായ ഏതെങ്കിലും കൃത്യത്തിനോ നടപടിക്കോ ബാധകമാകു
ന്നതല്ല.

(2) ഈ വകുപ്പ് 1887 ജനുവരി പതിന്നാലാം ദിവസമോ അതിനു
ശേഷമോ നിർമ്മിച്ചിട്ടുള്ള എല്ലാ കേന്ദ്ര ആക്റ്റുകൾക്കും റഗുലേഷനു
കൾക്കും കൂടി ബാധകമാകുന്നു.

11. ദൂരങ്ങൾ അളക്കൽ.—ഏതെങ്കിലും ദൂരം അളക്കുന്നതിൽ, വ്യത്യസ്ത
മായ ഉദ്ദേശ്യം കാണാത്തപക്ഷം, ആ ദൂരം ഈ ആക്റ്റിന്റെ പ്രാരംഭത്തിനു
ശേഷം നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്റ്റിന്റേയോ റഗുലേഷ
ന്റേയോ ആവശ്യങ്ങൾക്ക്, ഒരു ക്ഷൈതിജസമതലത്തിൽ ഋജുരേഖയിലൂടെ
അളക്കേണ്ടതാകുന്നു.

12. അധിനിയമങ്ങളിലെ ഡ്യൂട്ടി ആനുപാതികമാണെന്ന് ധരിക്കണം.—
ഇപ്പോൾ പ്രാബല്യത്തിലുള്ളതോ, ഇതിനുശേഷം പ്രാബല്യത്തിൽ വരാനു
ള്ളതോ ആയ ഏതെങ്കിലും അധിനിയമത്താൽ, തൂക്കത്തിലോ, അളവിലോ
മൂല്യത്തിലോ ഉള്ള ഒരു നിശ്ചിതമാത്രവരുന്ന ഏതെങ്കിലും അളവിലുള്ള
സാമാനത്തിനോ ചരക്കിനോ, കസ്റ്റംസോ എക്സൈസോ, അല്ലെങ്കിൽ
ആ പ്രകൃതത്തിലുള്ളതോ ആയ ഏതെങ്കിലും ഡ്യൂട്ടി ചുമത്താവുന്നിടത്ത്,
അതിലും കൂടിയതോ കുറഞ്ഞതോ ആയ ഏതെങ്കിലും മാത്രയ്ക്ക് അതേപോ
ലുള്ള ഡ്യൂട്ടി അതേനിരക്കനുസരിച്ച് ചുമത്താവുന്നതാണ്.

13. ലിംഗവും വചനവും.—എല്ലാ കേന്ദ്ര ആക്റ്റുകളിലും റഗുലേഷ
നുകളിലും വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും
ഇല്ലാത്തപക്ഷം,—

(1) പുല്ലിംഗത്തെ കുറിക്കുന്ന വാക്കുകളിൽ പെണ്ണുങ്ങളും ഉൾപ്പെ
ടുന്നതായി ധരിക്കപ്പെടേണ്ടതും;

(2) ഏകവചനത്തിൽ ഉള്ള വാക്കുകളിൽ ബഹുവചനവും ബഹുവച
നത്തിൽ ഉള്ള വാക്കുകളിൽ ഏകവചനവും ഉൾപ്പെടുന്നതും,
ആകുന്നു.

13 ക. (പരമാധികാരിതയെക്കുറിച്ചുള്ള പരാമർശങ്ങൾ) 1950-ലെഅനു
യോജന ഉത്തരവിനാൽ റദ്ദാക്കപ്പെട്ടു.

14. നല്കപ്പെട്ട അധികാരങ്ങൾ അപ്പോഴപ്പോൾ പ്രയോഗിക്കാവുന്നതാണ്.—
(1) അധികാരങ്ങളും ചുമതല നിർവ്വഹിക്കുന്നവരും ഈ ആക്റ്റിന്റെ
പ്രാരംഭത്തിനുശേഷം നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്റ്റോ റഗുലേ
ഷനോ ഏതെങ്കിലും അധികാരം നല്കിയിരിക്കുന്നിടത്ത്, വ്യത്യസ്തമായ
ഉദ്ദേശ്യം കാണപ്പെടാത്തപക്ഷം, ആ അധികാരം അവസരം ആവശ്യപ്പെടുന്ന
പോലെ അപ്പോഴപ്പോൾ പ്രയോഗിക്കാവുന്നതാണ്.

(2) ഈ വകുപ്പ് 1887 ജനുവരി പതിന്നാലാം ദിവസമോ അതിനു
ശേഷമോ നിർമ്മിച്ചിട്ടുള്ള എല്ലാ കേന്ദ്ര ആക്റ്റുകൾക്കും റഗുലേഷനു
കൾക്കും കൂടി ബാധകമാകുന്നു.

15. നിയമിക്കാനുള്ള അധികാരത്തിൽ എക്സ് അഫിഷ്യോ ആയി നിയ
മിക്കാനുള്ള അധികാരം കൂടി ഉൾപ്പെടുന്നതാണെന്ന്.—ഏതെങ്കിലും കേന്ദ്ര
ആക്റ്റോ റഗുലേഷനോ ഏതെങ്കിലും ഔദ്യോഗികസ്ഥാനം പൂരിപ്പിക്കു
വാനോ, ഏതെങ്കിലും ചുമതല നിർവ്വഹിക്കുവാനോ ഒരാളെ നിയമിക്കുവാ
നുള്ള അധികാരം നല്കിയിരിക്കുന്നിടത്ത്, മററ് വിധത്തിൽ പ്രകടമായി
വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പക്ഷം, അങ്ങനെയുള്ള ഏതെങ്കിലും നിയമനം
ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം നടത്തപ്പെടുന്നതാണെങ്കിൽ, അതു
പേർ പറഞ്ഞോ ഉദ്യോഗത്തിന്റെ ബലത്തിലോ നടത്തപ്പെടാവുന്നതാണ്.

16. നിയമിക്കുവാനുള്ള അധികാരത്തിൽ സസ്പെൻഡ് ചെയ്യുവാനോ
ഡിസ്മിസ് ചെയ്യുവാനോ ഉള്ള അധികാരം ഉൾപ്പെടുന്നതാണെന്ന്.—
ഏതെങ്കിലും കേന്ദ്ര ആക്റ്റോ റഗുലേഷനോ ഏതെങ്കിലും നിയമനം
നടത്തുവാനുള്ള അധികാരം, നല്കിയിരിക്കുന്നിടത്ത്, വ്യത്യസ്തമായ
ഉദ്ദേശ്യം കാണാത്തപക്ഷം, ആ നിയമനം നടത്തുവാൻ തൽസമയം അധികാര
മുള്ള അധികാരസ്ഥാനത്തിന്, അതോ മറേറതെങ്കിലും അധികാരസ്ഥാ
നമോ, ആ അധികാരം പ്രയോഗിച്ച് നിയമിച്ചിട്ടുള്ള ഏതെങ്കിലും ആളെ
സസ്പെൻഡ് ചെയ്യുവാനോ ഡിസ്മിസ് ചെയ്യുവാനോ ഉള്ള അധികാരം
കൂടി ഉണ്ടായിരിക്കുന്നതാണ്.

17. ചുമതല നിർവ്വഹിക്കുന്നവരെ പകരം നിയമിക്കൽ.— (1) ഈ ആക്
റ്റിന്റെ പ്രാരംഭത്തിനുശേഷം നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്
റ്റിലോ റഗുലേഷനിലോ, ഒരു ഔദ്യോഗിക സ്ഥാനത്തിന്റെ ചുമതലകൾ
തൽസമയം നിർവ്വഹിക്കുന്ന ഏതൊരാൾക്കും അല്ലെങ്കിൽ കുറെ ആളുകൾക്ക്
ഒരു നിയമം ബാധകമാകുന്നതായി സൂചിപ്പിക്കുന്നതിലേക്ക്, ആ ചുമതലകൾ
ആ സമയത്ത് നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്റേയോ അല്ലെങ്കിൽ
ആ ചുമതലകൾ സാധാരണമായി നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥന്റേയോ
ഉദ്യോഗപ്പേർ പറഞ്ഞാൽ മതിയാകുന്നതാണ്.

(2) ഈ വകുപ്പ് 1868 ജനുവരി മൂന്നാം ദിവസത്തിനുശേഷം നിർമ്മി
ച്ചിട്ടുള്ള എല്ലാ കേന്ദ്ര ആക്റ്റുകൾക്കും, 1887 ജനുവരി പതിന്നാലാം
ദിവസമോ, അതിനുശേഷമോ നിർമ്മിച്ചിട്ടുള്ള എല്ലാ റഗുലേഷനുകൾക്കും
കൂടി ബാധകമാകുന്നു.

18. പിൻഗാമികൾ.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം നിർ
മ്മിച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്റ്റിലോ റഗുലേഷനിലോ ഒരു നിയമ
ത്തിന് ഏതെങ്കിലും ചുമതല നിർവ്വഹിക്കുന്നവരുടേയോ ശാശ്വത പിൻതുടർ
ച്ചയുള്ള കാർപ്പറേഷനുകളുടേയോ പിൻഗാമികളുമായുള്ള ബന്ധം സൂചിപ്പി
ക്കുന്നതിലേയ്ക്ക് ആ ചുമതല നിർവ്വഹിക്കുന്നവരോടോ, കാർപ്പറേഷനുക
ളോടോ അതിനുള്ള ബന്ധം പ്രകടിപ്പിച്ചാൽ മതിയാകുന്നതാണ്.

(2) ഈ വകുപ്പ് 1868 ജനുവരി മൂന്നാം ദിവസത്തിനുശേഷം നിർ
മ്മിച്ചിട്ടുള്ള എല്ലാ കേന്ദ്ര ആക്റ്റുകൾക്കും 1887 ജനുവരി പിതിന്നാലാം ദിവ
സമോ അതിനുശേഷമോ നിർമ്മിച്ചിട്ടുള്ള എല്ലാ റഗുലേഷനുകൾക്കും കൂടി
ബാധകമാകുന്നു.

19. ആഫീസിലെ മുഖ്യൻമാരും കീഴ്ജീവനക്കാരും—(1) ഈ ആക്റ്റി
ന്റെ പ്രാരംഭത്തിനുശേഷം നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്റ്റിലോ
റഗുലേഷനിലോ ഒരു ആഫീസിലെ മുഖ്യനേയോ മേലധികാരിയേയോ സംബ
ന്ധിക്കുന്ന ഒരു നിയമം ആ ആഫീസിലെ കർത്തവ്യങ്ങൾ തങ്ങളുടെ മേലധികാ
രിയുടെ സ്ഥാനത്ത് നിയമാനുസൃതമായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന

ഡെപ്യൂട്ടികൾക്കോ കീഴ്ജീവനക്കാർക്കോ ബാധകമാകുന്നതാണെന്ന് പ്രകടമാക്കു ന്നതിലേക്ക് മേലധികാരിയുടെ കർത്തവ്യം നിർണ്ണയിച്ചാൽ മതിയാകുന്ന താണ്.

(2) ഈ വകുപ്പ് 1868 ജനുവരി മൂന്നാം ദിവസത്തിനുശേഷം നിർ മ്മിച്ചിട്ടുള്ള എല്ലാ കേന്ദ്ര ആക്ററുകൾക്കും 1887 ജനുവരി പതിന്നാലാം ദിവ സമോ അതിനുശേഷമോ നിർമ്മിച്ചിട്ടുള്ള എല്ലാ റഗുലേഷനുകൾക്കും കൂടി ബാധകമാകുന്നു.

## അധിനിയമങ്ങൾക്ക് കീഴിൽ നിർമ്മിച്ചിട്ടുള്ള ഉത്തരവുകൾ, ചട്ടങ്ങൾ മുതലായവ സംബന്ധിച്ച വ്യവസ്ഥകൾ

20. അധിനിയമങ്ങൾക്കു കീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുതലാ യവയുടെ അർത്ഥകല്പനം.—ഏതെങ്കിലും കേന്ദ്ര ആക്ററോ റഗുലേഷനോ ഏതെങ്കിലും വിജ്ഞാപനമോ ഉത്തരവോ പദ്ധതിയോ ചട്ടമോ ഫാറമോ ബൈലായോ, പുറപ്പെടുവിക്കുവാനുള്ള അധികാരം നല്കിയിരിക്കുന്നിടത്ത് ആ വിജ്ഞാപനത്തിലോ ഉത്തരവിലോ പദ്ധതിയിലോ ചട്ടത്തിലോ ഫാറത്തി ലോ ബൈലായിലോ ഉപയോഗിക്കുന്ന പദങ്ങൾക്ക്, അത് ഈ ആക്ററിൻെറ പ്രാരംഭത്തിനുശേഷം നിർമ്മിച്ചിട്ടുള്ളതാണെങ്കിൽ വിഷയത്തിലോ സന്ദർഭ ത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്ത പക്ഷം, ആ അധികാരം നല് കുന്ന ആക്ററിലോ റഗുലേഷനിലോ യഥാക്രമമുള്ള അതേ അർത്ഥങ്ങൾ ഉണ്ടാ യിരിക്കുന്നതാണ്.

21. വിജ്ഞാപനങ്ങളോ ഉത്തരവുകളോ ചട്ടങ്ങളോ ബൈലാകളോ പുറ പ്പെടുവിക്കുവാനുള്ള അധികാരത്തിൽ കൂട്ടി ചേർക്കുവാനോ ഭേദഗതി ചെയ്യു വാനോ വ്യത്യാസപ്പെടുത്തുവാനോ റദ്ദാക്കുവാനോ ഉള്ള അധികാരം ഉൾപ്പെ ടുന്നുവെന്ന്:—ഏതെങ്കിലും കേന്ദ്ര ആക്ററിനാലോ റഗുലേഷനാലോ വിജ് ഞാപനങ്ങളോ ഉത്തരവുകളോ ചട്ടങ്ങളോ ബൈലാകളൊ പുറപ്പെടുവിക്കാനുള്ള അധികാരം നല്കപ്പെട്ടിരിക്കുന്നിടത്ത്, ആ അധികാരത്തിൽ അതേ രീതിയിൽ അതേ പോലുള്ള അനുജ്ഞയ്ക്കും ഉപാധികൾക്കും (എന്തെങ്കിലുമുണ്ടെങ്കിൽ) വിധേയമായി പ്രയോഗിക്കാവുന്നതും, അപ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും വിജ്ഞാപനങ്ങളോടോ ഉത്തരവുകളോടോ ചട്ടങ്ങളോടോ ബൈലായോടോ കൂട്ടി ച്ചേർക്കുന്നതിനോ, അവ ഭേദഗതി ചെയ്യുകയോ , വ്യത്യാസപ്പെടുത്തുകയോ, റദ്ദാക്കുകയോ ചെയ്യുന്നതിനോ ഉള്ളതുമായ അധികാരം ഉൾപ്പെടുന്നു.

22. അധിനിയമത്തിൻെറ പാസ്സാക്കലിനും പ്രാരംഭത്തിനും ഇടയിൽ ചട്ട ങ്ങളോ ബൈലാകളോ നിർമ്മിക്കുന്നതും ഉത്തരവുകൾ പുറപ്പെടുവിക്കു ന്നതും.—പാസ്സാക്കിയാലുടൻ പ്രാബല്യത്തിൽ വരാനുള്ളതല്ലാത്ത ഏതെങ്കി ലും കേന്ദ്ര ആക്ററിനാലോ, റഗുലേഷനാലോ, ചട്ടങ്ങളോ ബൈലാകളോ നിർമ്മി ക്കുവാനോ ആ ആക്ററോ, റഗുലേഷനോ ബാധകമാകുന്നത് സംബന്ധിച്ചോ ഏതെങ്കിലും കോടതിയോ ആഫീസോ സ്ഥാപിക്കുകയോ അതിൻ കീഴിൽ ഏതെങ്കിലും ജഡ്ജിയേയോ ഉദ്യോഗസ്ഥനേയോ നിയമിക്കുകയോ ചെയ്യുന്നത് സംബന്ധിച്ചോ അല്ലെങ്കിൽ ആ ആക്ററിനോ റഗുലേഷനോ കീഴിൽ എന്തെങ്കിലും ചെയ്യാനുള്ളത് ആരാണെന്നതിനേയോ ഏതുസമയത്താണെന്നതിനേയോ എവിടെ വച്ചാണെന്നതിനേയോ ഏതു രീതിയിലാണെന്നതിനേയോ എന്ത് ഫീസിനാണെ ന്നതിനേയോ സംബന്ധിച്ചോ, ഉത്തരവുകൾ പുറപ്പെടുവിക്കുവാനോ ഉള്ള ഒരു

അധികാരം നല്കപ്പെട്ടിരിക്കുന്നിടത്ത്, ആ അധികാരം ആ ആക്ററോ റഗുലേഷനോ പഠസ്സാക്കിയശേഷം ഏതു സമയത്തും പ്രയോഗിക്കാവുന്നതും, എന്നാൽ അപ്രകാരം നിർമ്മിക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്ത ചട്ടങ്ങളോ ബൈലാകളോ ഉത്തരവുകളോ ആ ആക്ററിൻേറയോ റഗുലേഷൻേറയോ പ്രാരംഭം വരെ പ്രഭാവത്തിൽ വരുന്നതല്ലാത്തതുമാകുന്നു.

23. ചട്ടങ്ങളോ ബൈലാകളോ മുൻപ്രസിദ്ധീകരണത്തിനുശേഷം നിർമ്മിക്കുന്നതിന് ബാധകമായ വ്യവസ്ഥകൾ.—ഏതെങ്കിലും കേന്ദ്ര ആക്ററിനാലോ റഗുലേഷനാലോ, ചട്ടങ്ങളോ ബൈലാകളോ നിർമ്മിക്കുവാനുള്ള അധികാരം, ആ ചട്ടങ്ങളോ ബൈലാകളോ മുൻപ്രസിദ്ധീകരണത്തിനുശേഷം നിർമ്മിക്കണമെന്ന ഉപാധിക്കു വിധേയമായി നല്കിയിരിക്കുന്നതായി പ്രകടമാക്കപ്പെട്ടിരിക്കുന്നിടത്ത്, താഴെ പറയുന്ന വ്യവസ്ഥകൾ ബാധകമാകുന്നതാണ്, അതായത്,—

(1) ആ ചട്ടങ്ങളോ ബൈലാകളോ നിർമ്മിക്കുവാൻ അധികാരമുള്ള അധികാരസ്ഥാനം അവ നിർമ്മിക്കുന്നതിന് മുൻപ് നിർദ്ദിഷ്ടമായ ചട്ടങ്ങളുടേയോ ബൈലാകളുടേയോ ഒരു കരട്, അവ ബാധിക്കുവാൻ ഇടയുള്ള ആളുകളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

(2) ആ പ്രസിദ്ധീകരണം ആ അധികാരസ്ഥാനം മതിയാകുന്നതാണെന്ന് കരുതുന്ന രീതിയിലോ അല്ലെങ്കിൽ മുൻപ്രസിദ്ധീകരണം സംബന്ധിച്ച ഉപാധി ആവശ്യപ്പെടുന്നുവെങ്കിൽ, ബന്ധപ്പെട്ട ഗവൺമെൻറ് നിർണ്ണയിക്കുന്ന രീതിയിലോ ആയിരിക്കേണ്ടതാണ്;

(3) ഏതു തീയതിക്കോ അതിനുശേഷമോ ആണ് ആ കരട് പരിഗണനയ്ക്കെടുക്കുന്നത്, ആ തീയതി വിനിർദേശിച്ചു കൊണ്ട് ഒരു നോട്ടീസ് ആ കരടിനോട് കൂടെ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

(4) ചട്ടങ്ങളോ ബൈലാകളോ നിർമ്മിക്കുവാൻ അധികാരമുള്ള അധികാരസ്ഥാനവും ആ ചട്ടങ്ങളോ ബൈലാകളോ മറെറാരധികാര സ്ഥാനത്തിൻെറ ആജ്ഞയോടോ, അംഗീകാരത്തോടോ, യോജിപ്പോടോ കൂടി നിർമ്മിക്കേണ്ടതായിട്ടുള്ളിടത്ത്, ആ അധികാരസ്ഥാനവും ആ കരട് സംബന്ധിച്ച് അപ്രകാരം വിനിർദിഷ്ടമായ തീയതിക്ക് മുൻപ് ഏതെങ്കിലും ആളിൽ നിന്ന് ചട്ടങ്ങളോ ബൈലാകളോ നിർമ്മിക്കുവാൻ അധികാരമുള്ള അധികാര സ്ഥാനത്തിന് കിട്ടിയേക്കാവുന്ന ഏതെങ്കിലും ആക്ഷേപമോ അഭിപ്രായമോ പരിഗണിക്കേണ്ടതാകുന്നു.

(5) ചട്ടങ്ങളോ ബൈലാകളോ മുൻപ്രസിദ്ധീകരണത്തിനുശേഷം നിർമ്മിക്കുവാനുള്ള അധികാരത്തിൻെറ പ്രയോഗത്തിൽ ചെയ്തിട്ടുള്ളതായി കരുതപ്പെടാവുന്ന ഒരു ചട്ടത്തിൻേറയോ ബൈലായുടേയോ, ഔദ്യോഗിക ഗസററിലെ പ്രസിദ്ധീകരണം, ആ ചട്ടമോ, ബൈലായോ യഥാവിധി നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെന്നുള്ളതിൻെറ നിശ്ചായകമായ തെളിവാകുന്നതാണ്.

24. റദ്ദാക്കി പുനരധിനിയമം ചെയ്ത അധിനിയമങ്ങളിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും മററും തുടരുന്നത്.—ഈ ആക്ററിൻെറ പ്രാരംഭത്തിനുശേഷം ഏതെങ്കിലും കേന്ദ്ര ആക്ററോ റഗുലേഷനോ രൂപഭേദങ്ങളോട് കൂടിയോ അല്ലാതെയോ റദ്ദാക്കി പുനരധിനിയമം ചെയ്തിരിക്കുന്നിടത്ത് മററു വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പക്ഷം, റദ്ദാക്കപ്പെട്ട ആക്ററിനോ റഗുലേഷനോ കീഴിൽ നിർമ്മിക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നിയമനമോ വിജ്ഞാപനമോ ഉത്തരവോ, പദ്ധതിയോ ചട്ടമോ ഫാറമോ ബൈലായോ, അത് പുനരധിനിയമം

ചെയ്ത വ്യവസ്ഥകൾക്ക് അസംഗതമാകാത്തിടത്തോളം അപ്രകാരം പുനരധി
നിയമം ചെയ്ത വ്യവസ്ഥകൾക്ക് കീഴിൽ നിർമ്മിച്ചതോ പുറപ്പെടുവിച്ചതോ
ആയ ഏതെങ്കിലും നിയമനത്താലോ വിജ്ഞാപനത്താലോ ഉത്തരവിനാലോ
പദ്ധതിയാലോ ചട്ടത്താലോ ഫാറത്താലോ ബൈലായാലോ, വിസ്ഥാപ
പനം ചെയ്യപ്പെടാത്ത പക്ഷവും വിസ്ഥാപനം ചെയ്യപ്പെടുന്നതുവരെയും
പ്രാബല്യത്തിൽ തുടരുകയും അപ്രകാരം പുനരധി നിയമം ചെയ്ത വ്യവ
സ്ഥകൾക്ക് കീഴിൽ നിർമ്മിച്ചതോ പുറപ്പെടുവിച്ചതോ ആയി കരുതപ്പെ
ടുകയും ചെയ്യുന്നതും, പട്ടിക ജില്ലകൾ ആക്റ്റ്, 1874 (1874-ലെ 14)
5-ാം വകുപ്പിനോ 5 ക വകുപ്പിനോ കീഴിലുള്ള ഒരു വിജ്ഞാപനമോ അതു
പോലുള്ള ഏതെങ്കിലും നിയമമോ വഴി ഏതെങ്കിലും തദ്ദേശപ്രദേശത്തേക്ക്
വ്യാപിപ്പിച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്ര ആക്റ്റോ, റഗുലേഷനോ പിന്നീ
ടുള്ള ഒരു വിജ്ഞാപനം വഴി അങ്ങനെയുള്ള പ്രദേശത്തു നിന്നോ അതിന്റെ
ഏതെങ്കിലും ഭാഗത്തു നിന്നോ പിൻവലിക്കുകയും അവിടേയ്ക്കു വീണ്ടും
വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളപ്പോൾ, അങ്ങനെയുള്ള ആക്ടിന്റേയോ
റഗുലേഷന്റേയോ വ്യവസ്ഥകൾ ആ പ്രദേശത്തോ ഭാഗത്തോ ഈ വകുപ്പിന്റെ
അർത്ഥത്തിൽ റദ്ദാക്കി പുനരധി നിയമം ചെയ്തതായി കരുതപ്പെടുന്നതും
ആകുന്നു.

## പലവക

ഈടാക്കുന്നതിനുവേണ്ടി
25. പിഴകൾ വസൂലാക്കുന്നത്.—പിഴകൾ ചെയ്യുന്നതു സംബന്ധിച്ച്,
വാറണ്ടുകൾ പുറപ്പെടുവിക്കുകയും നടത്തുകയും 63 മുതൽ 70 വരെ
ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-യിലെ ക്രിമിനൽ നടപടി നിയമ
വകുപ്പുകളും തൽസമയം പ്രാബല്യത്തിലിരിക്കുന്ന ആക്റ്റിനോ റഗുലേഷനോ
സംഹിതയിലെ വ്യവസ്ഥകളും, ഏതെങ്കിലും പിഴകൾക്കും, ആ
ചട്ടത്തിനോ ബൈലായ്ക്കോ കീഴിൽ ചുമത്തപ്പെടുന്ന എല്ലാ ബൈലായിലോ പ്രകടവും
ആക്റ്റിലോ, റഗുലേഷനിലോ, ചട്ടത്തിലോ, പക്ഷം, ബാധകമാകുന്നു.
വിപരീതവുമായ ഒരു വ്യവസ്ഥ അടങ്ങിയിട്ടില്ലാത്തപക്ഷം, ബാധകമാകുന്നു.

26. രണ്ടോ അതിലധികമോ അധിനിയമങ്ങൾക്ക് കീഴിൽ ശിക്ഷിക്ക
പ്പെടാവുന്ന കുററങ്ങൾ സംബന്ധിച്ച വ്യവസ്ഥ.—ഒരു കൃത്യമോ കൃത്യവിലോ
പമോ രണ്ടോ അതിലധികമോ അധിനിയമങ്ങൾക്ക് കീഴിൽ കുററമാകുന്നിടത്ത്,
കുററക്കാരൻ, ആ അധിനിയമങ്ങളിൽ രണ്ടിൽ ഒന്നിന്റേയോ ഏതെങ്കിലും
ഒന്നിന്റേയോ കീഴിൽ പ്രാസികയൂട്ട് ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും
ചെയ്യാവുന്നതും, എന്നാൽ ഒരേ കുററത്തിന് രണ്ടുപ്രാവശ്യം ശിക്ഷിക്കപ്പെടാ
വുന്നതല്ലാത്തതും ആകുന്നു.

27. പോസ്ററുവഴിനടത്തുക എന്നതിന്റെ അർത്ഥം.—ഈ ആക്റ്റിന്റെ
പ്രാരംഭത്തിനുശേഷം നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്രആക്ററോ റഗു
ലേഷനോ, ഏതെങ്കിലും രേഖ പോസ്ററുവഴി നടത്തുവാൻ പ്രാധികാരം നല്കു
കയോ ആവശ്യപ്പെടുകയോ ചെയ്യുന്നിടത്ത, "നടത്തുക" എന്ന പദമോ അല്ലെ
ങ്കിൽ "കൊടുക്കുക" എന്നോ അല്ലെങ്കിൽ "അയയ്ക്കുക" എന്നോ ഉള്ള പദമോ
അല്ലെങ്കിൽ മറേറതെങ്കിലും പദമോ ഉപയോഗിച്ചിരുന്നാലും, വ്യത്യസ്തമായ
ഉദ്ദേശ്യം കാണാത്തപക്ഷം, ആ നടത്തൽ, ആ രേഖ അടങ്ങുന്ന ഒരു കത്ത്
ശരിയായി മേൽവിലാസം എഴുതി, ചാർജ്ജ് മുൻകൂട്ടി കൊടുത്ത്, രജി
സ്ററേർഡ് ആയി പോസ്ററ് ചെയ്യുന്നതുവഴി ഫലത്തിൽ വരുത്തുന്നതായും,
വിപരീതമായത് തെളിയിക്കാത്തപക്ഷം, പോസ്ററിന്റെ സാധാരണഗതിയിൽ
ആ കത്ത് ഡെലിവർ ചെയ്യുമായിരുന്ന സമയത്ത്, അത് ഫലത്തിൽ വരുത്തി
യിട്ടുള്ളതായും കരുതപ്പെടുന്നതാകുന്നു.

28. അധിനിയമങ്ങൾ ഉദ്ധരിക്കൽ.—(1) ഏതെങ്കിലും കേന്ദ്ര ആക്ററിലോ, റഗുലേഷനിലോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ആക്ററിനോ റഗുലേഷനോ കീഴിലോ, അതു സംബന്ധിച്ചോ നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും ചട്ടത്തിലോ ബൈലായിലോ പ്രമാണത്തിലോ രേഖയിലോ, ഏതെങ്കിലും അധിനിയമം അതിൽ നല്കിയിട്ടുള്ള പേരോ, ചുരുക്കപ്പേരോ (എന്തെങ്കിലും ഉണ്ടെങ്കിൽ) എടുത്തുപറഞ്ഞോ, അതിൻെറ നമ്പരും വർഷവും എടുത്തു പറഞ്ഞോ ഉദ്ധരിക്കാവുന്നതും, ഒരു അധിനിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ, ആ അധിനിയമത്തിലെ ആ വ്യവസ്ഥ അടങ്ങിയ വകുപ്പോ ഉപവകുപ്പോ എടുത്തുപറഞ്ഞ് ഉദ്ധരിക്കാവുന്നതും ആണ്.

(2) ഈ ആക്ററിലും, ഈ ആക്ററിൻെറ പ്രാരംഭത്തിനുശേഷം നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്രആക്ററിലും അല്ലെങ്കിൽ റഗുലേഷനിലും മറെറാരു അധിനിയമത്തിൻെറ ഒരു അംശത്തിൻെറ വിവരണത്തിലോ, ഉദ്ധരണത്തിലോ, ആ വിവരണത്തിലോ ഉദ്ധരണത്തിലോ അടങ്ങിയ ആ അംശത്തിൻെറ തുടക്കമാകുന്നതായും അന്ത്യമാകുന്നതുമായും എടുത്തു പറയുകയോ പരാമർശിക്കുകയോ ചെയ്തിട്ടുള്ള വാക്കോ വകുപ്പോ മററുഭാഗമോ, ഉൾപ്പെടുന്നതായി, വ്യത്യസ്തമായ ഉദ്ദേശ്യം കാണാത്തപക്ഷം, കരുതപ്പെടുന്നതാകുന്നു.

29. മുൻ അധിനിയമങ്ങൾക്കും, ചട്ടങ്ങൾക്കും, ബൈലാകൾക്കും വേണ്ടിയുള്ള ഒഴിവാക്കൽ.—ഈ ആക്ററിൻെറ പ്രാരംഭത്തിനുശേഷം നിർമ്മിച്ചിട്ടുള്ള ആക്ററുകളുടേയോ റഗുലേഷനുകളുടേയോ ചട്ടങ്ങളുടേയോ ബൈലാകളുടേയോ അർത്ഥകല്പനം സംബന്ധിച്ച്, ഈ ആക്ററിലുള്ള വ്യവസ്ഥകൾ, ഈ ആക്ററിൻെറ പ്രാരംഭത്തിനുമുൻപ് നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും ആക്ററിൻേറയോ റഗുലേഷൻേറയോ, ചട്ടത്തിൻേറയോ ബൈലായുടേയോ അർത്ഥകല്പനത്തെ, ആ ആക്ററോ റഗുലേഷനോ ചട്ടമോ ബൈലായോ ഈ ആക്ററിൻെറ പ്രാരംഭത്തിനുശേഷം നിർമ്മിച്ചിട്ടുള്ള ഒരു ആക്ററിനാലോ റഗുലേഷനാലോ ചട്ടത്താലോ ബൈലായാലോ തുടരുകയോ ഭേദഗതി ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിലും, ബാധിക്കുന്നതല്ല.

30. ആക്ററ്, ആർഡിനൻസുകൾക്ക് ബാധകമാകുന്നത്.—ഈ ആക്ററിൽ "കേന്ദ്ര ആക്ററ്" എന്ന പദത്തിൽ 5-ാംവകുപ്പിലൊഴികെ, അതു വരുന്ന എല്ലായിടത്തും, ആക്ററ് എന്ന വാക്കിൽ 3-ാം വകുപ്പിൻെറ (9), (13), (25), (40), (43), (52), (54) എന്നീ ഖണ്ഡങ്ങളിലും, 25-ാം വകുപ്പിലും ഇൻഡ്യൻ കൗൺസിൽസ് ആക്ററ്, 1861 (1861-ലെ 24-ം 25-ം, വിക്ടോറിയാ, അദ്ധ്യായം 67) 23-ാംവകുപ്പിൻകീഴിലോ, ഇൻഡ്യാ ഗവൺമെൻറ് ആക്ററ്, 1915 (1915-ലെ 5-ം, 6-ം, ജോർജ് അഞ്ചാമൻ, അദ്ധ്യായം 61) 72-ാംവകുപ്പിൻകീഴിലോ, ഇൻഡ്യാ ഗവൺമെൻറ് ആക്ററ്, 1935 (1935-ലെ 26 ജോർജ് അഞ്ചാമൻ, അദ്ധ്യായം 2) 42-ാം വകുപ്പിൻകീഴിലോ ഗവർണ്ണർ ജനറൽ നിർമ്മിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള ഒരു ആർഡിനൻസും, ഭരണഘടന 123-ാം അനുച്ഛേദത്തിൻകീഴിൽ രാഷ്ട്രപതി പ്രഖ്യാപിച്ചിട്ടുള്ള ഒരു ആർഡിനൻസും ഉൾപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

30 ക. [ആക്ററ് ഗവർണ്ണർ ജനറൽ നിർമ്മിച്ച ആക്ററുകൾക്ക് ബാധകമാകുന്നത് 1937-ലെ അനുയോജന ഉത്തരവിനാൽ റദ്ദാക്കപ്പെട്ടു]

31. [ഒരു പ്രവിശ്യയുടെ തദ്ദേശ ഗവൺമെൻറിനെക്കുറിച്ചുള്ള പരാമർശങ്ങളുടെ അർത്ഥകല്പന മേല്പറഞ്ഞ ഉത്തരവിനാൽ റദ്ദാക്കപ്പെട്ടു.]

## പട്ടിക

[റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ] റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്ററ്, (1930-ലെ 1) 4-ാംവകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.